# THE BIBLE TRUTH

**Editor**
**P.K. VARGHESE**
000

**Published by Church of Christ**

**പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം**

**Vol. 29** **June 2015** **No.3**

# എഡിറ്റോറിയൽ

ചില രാജ്യങ്ങളിൽ ഭൂകമ്പങ്ങളും തുടർ ചലനങ്ങളും സംഭവിക്കയും അനേകം ആളുകൾ മരിക്കയും ചെയ്തു. ആളുകളുടെ സമ്പത്തും ജീവനും നഷ്ടമായി. കൂട്ടത്തിൽ നിരപരാധികളും കൊല്ലപ്പെട്ടു. പല സമ്പന്ന രാഷ്ട്രങ്ങളും സന്നദ്ധ സംഘടനകളും സഹായ വാഗ്ദാനങ്ങളുമായി രംഗത്തെത്തി. സാമൂഹ്യ പ്രവർത്തനങ്ങളിൽ രക്ഷാ പ്രവർത്തനങ്ങളും നടന്നു. ആഹാരം, മരുന്ന്, വസ്ത്രം എന്നിവ സൗജന്യമായി വിതരണം ചെയ്തു. സൗജന്യ വൈദ്യ സഹായവും ശുദ്ധജല വിതരണവും നടത്തി. ഇവയെല്ലാം മനുഷ്യത്വപരമായ സേവനങ്ങളാണ്, അഭിനന്ദനം അർഹിക്കുന്നവയുമാണ്. ഇത്തരത്തിലുള്ള ഭൂകമ്പങ്ങളും പ്രകൃതി ദുരന്തങ്ങളും സംഭവിക്കുമ്പോൾ ആളുകൾ തിരിച്ചറിയാതെ പോകുന്ന കാര്യങ്ങളെ ഓർപ്പിച്ച് ഉണർത്തേണ്ടത് ആവശ്യമാണ്. ചരിത്ര സംഭവങ്ങൾ ഓരോന്ന് പരിശോധിച്ചാൽ ദൈവത്തെ കോപിപ്പിക്കുമ്പോഴാണ് ഇത് സംഭവിക്കുന്നത് എന്നു കാണാം. അവിശ്വാസികൾ അത് മനസിലാക്കുകയില്ല. അവർ അതിനെ വിവേചിക്കുന്നത് മറ്റൊരു വിധത്തിലാണ്. ഭൗമ പാളികൾ കൂട്ടിമുട്ടുന്നതിന്റെ അനന്തരഫലമായിട്ടാണ് ഇതു സംഭവിക്കുന്നത് എന്നാണ് അവരുടെ പക്ഷം.

അങ്ങനെ വരുമ്പോൾ മനുഷ്യരുടെ പ്രവൃത്തികളെ പരിശോധിക്കേണ്ട ആവശ്യം വരുന്നില്ലല്ലോ. ദൈവവും മനുഷ്യരും തമ്മിലുള്ള ബന്ധത്തെ കുറിച്ച് ആദ്യം ആളുകൾ തിരിച്ചറിയണം. കാരണം മനുഷ്യന്റെ ഉത്ഭവവും പ്രപഞ്ചത്തിന്റെ ആരംഭവവും ദൈവത്തിൽ നിന്നാണ്. ദൈവഹിതമല്ലാത്ത പ്രവൃത്തികൾ നിരന്തരമായി ചെയ്ത ദേശങ്ങ

ളെയെല്ലാം പഴയ നിയമകാലത്ത് ദൈവത്താൽ ശിക്ഷിച്ചിരുന്നു. ആ ശിക്ഷയിൽ ഒന്നായിരുന്നു ഭൂകമ്പം. ഭൂമിയെ ഇളക്കുവാൻ സൃഷ്ടി കർത്താവായ ദൈവത്തിനു മാത്രമെ കഴിയു. ദൈവത്തിന്റെ ശിക്ഷ വരാതെ നോക്കണം, അല്ലാതെ വന്നിട്ട് അതിൽനിന്ന് ഒഴിഞ്ഞുമാറുവാൻ ആർക്കും സാധ്യമല്ല. പാപികളായ മനുഷ്യർക്ക് മാനസാന്തരപ്പെടുവാൻ ദൈവം അവസരം കൊടുത്തിട്ട് അത് പ്രയോജനപ്പെടുത്തിയില്ലെങ്കിൽ നമുക്ക് അതിനു മറ്റാരെയും പഴിക്കുവാൻ സാധ്യമല്ല. നിനവെ പട്ട ണത്തെ ദൈവം നശിപ്പിക്കാതിരുന്നത് അവർ മാനസാന്തരപ്പെട്ടതു കൊണ്ടാണ്. അതേ സമയം മാനസാന്തരപ്പെടാതിരുന്ന സൊദോമിനേയും ഗൊമോറയേയും ദൈവം നശിപ്പിക്കയും ചെയ്തു.

മതപരമായ കാര്യങ്ങൾ ചെയ്ത് അതാണ് ദൈവഭക്തി എന്നു കരുതി ജീവിക്കുന്ന ആളുകൾ ധാരാളം ഉണ്ട്. പക്ഷെ അതല്ല ദൈവേഷ്ടം. ദൈവം തന്റെ ഇഷ്ടം വെളിപ്പെടുത്തിയിരിക്കുന്ന ഏക ഉറവിടമാണ് ബൈബിൾ. മനുഷ്യൻ എന്തു ചെയ്യണം, എന്തു ചെയ്യരുത് എന്നു വെളി പ്പെടുത്തിയിരിക്കുന്ന ഏക ഉറവിടം അത് മാത്രമാണ്. അജ്ഞത ഒന്നിനും പരിഹാരം അല്ല. സത്യം നാം അന്വേഷിച്ചു കണ്ടെത്തണം. എല്ലാവരെയും ആത്മിയ അടിമത്വത്തിൽനിന്നു വിടുവിക്കുന്നത് സത്യമാണ്. അന്യോ ന്യമുള്ള മനുഷ്യരുടെ ബന്ധം ശരിയാകണമെങ്കിൽ, നാം ന്യായവും നീതിയും പുലർത്തണം. അന്യായവും, അക്രമവും. അഴിമതിയും വർദ്ധിച്ചു വരുന്നു. ദൈവത്തെ അവൻ കൽപിച്ചിരിക്കുന്നതുപോലെ ആരാധിക്കാതെ വിഗ്രഹങ്ങളെ ഉണ്ടാക്കി നമസ്ക്കരിക്കുമ്പോൾ, ആളു കൾ ദൈവത്തെയല്ല മാനിക്കുന്നത്. ദൈവത്തെയും അവന്റെ കൽപന കളെയും ഗണ്യമാക്കാതെ ജീവിക്കുന്ന ആളുകളെ ശിക്ഷിക്കാതിരിക്കു ന്നത് ദൈവത്തിന്റെ മുൻപാകെ നീതിയായിരിക്കുകയില്ല.

നിങ്ങൾ ദൈവേഷ്ടപ്രകാരമാണോ ജീവിക്കുന്നത്. അതോ മാനു ഷിക ഉപദേശപ്രകാരമാണോ, അല്ലെങ്കിൽ പാരമ്പര്യമനുസരിച്ചാണോ? മാനസാന്തരപ്പെടാതിരുന്നാൽ എല്ലാവർക്കും നാശമാണ് വരുന്നത്. അതു കൊണ്ട് സ്വയ നീതീകരണം ഒഴിവാക്കി ദൈവഭയത്തിൽ അവന്നു കീഴ്പ്പെട്ടു അവന്റെ രക്ഷാപദ്ധതി സ്വീകരിക്കുക. കർത്താവിലും അവന്റെ വചനത്തിലും വിശ്വസിക്കുക. പാപങ്ങളിൽനിന്നു വിട്ടുതിരി യുക. യേശു ദൈവപുത്രനാണെന്ന് വിശ്വസിക്കുക, പാപമോചനത്തി നായി പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം ഏൽക്കുക. അവൻ നിങ്ങളെ രക്ഷിച്ച് സഭയോട് ചേർക്കും.

✶

# കർത്താവിന്റെ പ്രാർത്ഥന

## *J.C.* ചോട്ട്

കർത്താവിന്റെ പ്രാർത്ഥന എന്നു പറഞ്ഞു കേട്ടിട്ടുണ്ടോ? യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവർക്കിടയിൽ പറഞ്ഞു കേൾക്കാറുള്ള ഒന്നാണ് കർത്താവിന്റെ പ്രാർത്ഥന. അവർ തങ്ങളുടെ ആരാധനയിലും പാട്ടിലും ഉപയോഗിച്ചു വരുന്നുണ്ട്. ഈ വിധത്തിൽ അതു പ്രയോഗിക്കാത്തവരെ അവർ ചോദ്യം ചെയ്യുകയോ വിമർശിക്കുകയോ ചെയ്യാറുണ്ട്. അതിന്റെ വിശദാംശത്തിലേക്ക് നമുക്ക് കടക്കാം.

മത്തായി ആറാം അദ്ധ്യായത്തിലാണ് "കർത്താവിന്റെ പ്രാർത്ഥന" എന്ന പേരിൽ അറിയപ്പെടുന്നതു വിവരിച്ചിരിക്കുന്നതു. അവിടെ യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞതു: നിങ്ങൾ ഈവണ്ണം പ്രാർത്ഥിപ്പിൻ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ, നിന്റെ രാജ്യം വരേണമേ; ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമേ; ഞങ്ങളെ പരീക്ഷയിൽ കടത്താതെ ദുഷ്ടങ്കൽ നിന്നു ഞങ്ങളെ വിടുവിക്കേണമേ; രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതല്ലോ (മത്തായി 6:9-13).

ഈ പ്രാർത്ഥനയെ സംബന്ധിച്ച് വെറും വ്യത്യാസം എടുത്തുകാണിക്കാൻ വേണ്ടി വിവരിക്കുന്ന ഒരു വിവരണമല്ല നമ്മുടേത്. നിഷേധാത്മകമായോ വിമർശനാത്മകമായോ ആളുകളെ കാണുകയുമല്ല ഞങ്ങളുടെ ലക്ഷ്യം. എങ്കിലും ഇതു കർത്താവിന്റെ പ്രാർത്ഥനയല്ല എന്ന സത്യം തുറന്നു പറയട്ടെ. കർത്താവിന്റെ പ്രാർത്ഥന എന്ന രീതിയിൽ അതു കണക്കാക്കണമെന്ന ഉദ്ദേശവും യേശുവിനില്ലായിരുന്നു. വചനം ഒരിക്കലും ഇതു കർത്താവിന്റെ പ്രാർത്ഥന എന്ന രീതിയിൽ പഠിപ്പിക്കുന്നില്ല. എന്നാൽ ഈ വാക്യങ്ങളുടെ ഉദ്ദേശം എന്താണ്? എന്തിനു വേണ്ടിയാണ് കർത്താവ് അതു പഠിപ്പിച്ചത്?

ഈ സന്ദർഭത്തിൽ ക്രിസ്തു, ശിഷ്യന്മാരെ ആരാധന എങ്ങനെയായിരിക്കണം എന്നു പഠിപ്പിക്കുന്നു. ആരാധനയുടെ ഭാഗമാണല്ലോ പ്രാർത്ഥന. ആദ്യം അവൻ കപട വിശ്വാസികളുടെ

വഴിപാടുകളിൽ അടങ്ങിയ ഉദ്ദേശത്തെ കുറ്റപ്പെടുത്തുന്നുണ്ട്. ഭിക്ഷ കൊടുക്കുന്നവരിൽ അധികം പേരും മനുഷ്യരെ കാണിക്കേണ്ടതിനു എല്ലാവരും കാണത്തക്കവണ്ണം ആണ് കൊടുക്കുന്നത്. ചിലർ ദാനങ്ങൾ, സംഭാവനകൾ, എന്നിവ കൊടുക്കുന്നതിനു മുൻപ് കാഹളം ഊതി ആളുകളെ വിളിച്ചറിയിക്കാറുണ്ട്. ഇതു മനസ്സിലായ യേശു അവരെ പഠിപ്പിച്ചതു: അവർ ചെയ്യുന്നതു രഹസ്യത്തിലായാൽ അതു കാണുന്ന പിതാവ് അതിനു പ്രതിഫലം പരസ്യമായി നല്കും. ഇടതുകൈ ചെയ്യുന്നതു വലതുകൈ അറിയരുതെന്ന് കർത്താവു പറഞ്ഞു.

തന്നെയുമല്ല, പരസ്യമായി, ദീർഘമായിട്ടും ആവർത്തിച്ചും ഉച്ചത്തിൽ പ്രാർത്ഥിക്കുന്നവരുടെ തെറ്റും ഭയവും ചൂണ്ടി കാണിക്കുന്നുണ്ട്. അവർ മനുഷ്യരെ കേൾപ്പിക്കേണ്ടതിനു വൃഥാ ജല്പനം ചെയ്യുന്നു എന്നാണ് കർത്താവ് പറഞ്ഞതു. അവൻ അവരോടു പറഞ്ഞതു: നീയോ അറയിൽ കടന്നു വാതിൽ അടച്ചു രഹസ്യത്തിലുള്ള നിന്റെ പിതാവിനോടു പ്രാർത്ഥിക്ക; രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്കു പ്രതിഫലം തരും. പ്രാർത്ഥിക്കയിൽ നിങ്ങൾ ജാതികളെപോലെ ജല്പനം ചെയ്യരുത്. അതിഭാഷണത്താൽ ഉത്തരം കിട്ടും എന്നല്ലൊ അവർക്കു തോന്നുന്നതു. നിങ്ങൾക്കു ആവശ്യമുള്ളതു എന്തെന്നു നിങ്ങൾ യാചിക്കുന്നതിനു മുൻപു തന്നെ ദൈവത്തിനറിയാമല്ലൊ.

ഇതെല്ലാം പറഞ്ഞശേഷം യേശു, തന്റെ ശിഷ്യന്മാരെ പ്രാർത്ഥിക്കേണ്ടതു എങ്ങനെ എന്നു പഠിപ്പിക്കുന്നുണ്ട്. ഇതു കർത്താവിന്റെ പ്രാർത്ഥനയായിരുന്നില്ല; മറിച്ച് ഒരു മാതൃകാ പ്രാർത്ഥനയായിരുന്നു. കർത്താവു പറഞ്ഞതു അതു തന്നെയാണ്. ഇതുപോലെ പ്രാർത്ഥിപ്പിൻ എന്നാണ്. കർത്താവിന്റെ പ്രാർത്ഥന എന്നതു വാസ്തവത്തിൽ നമുക്കു യോഹന്നാൻ പതിനേഴാം അദ്ധ്യായത്തിൽ കാണുന്നുണ്ട്. തന്റെ ശിഷ്യന്മാർ ഐക്യമത്യത്തിൽ തന്നെ നിലനില്ക്കേണ്ടതിനും തന്നിൽ വിശ്വസിപ്പാനിരിക്കുന്നവർ ഒന്നായിരിക്കേണ്ടതിനും കർത്താവു പ്രാർത്ഥിക്കുന്നുണ്ട്. ലോകത്തുള്ള ആളുകൾ യേശുക്രിസ്തുവിൽ വിശ്വസിക്കേണ്ടതിനു അവരെല്ലാവരും ഒന്നായിരിക്കണമെന്നായിരുന്നു ക്രിസ്തുവിന്റെ പ്രാർത്ഥന.

മത്തായി ആറാം അദ്ധ്യായത്തിലെ പ്രാർത്ഥന കർത്താവിന്റെ

പ്രാർത്ഥനയല്ലെന്നതിനു പുറമെ നാം അതു അങ്ങനെ തന്നെ പ്രാർത്ഥിക്കണമെന്നും അവൻ ആഗ്രഹിച്ചിരുന്നില്ല. ആ ഭാഗം താഴോട്ടു വായിച്ചാൽ അതു ആ കാലത്തിനു യോജിച്ച ഒന്നായിരുന്നു എന്നു മനസിലാക്കും. അതു മുഴുവൻ പരിശോധിച്ചാൽ നമ്മുടെ കാലത്തിനുള്ളതല്ലെന്നു വ്യക്തമാകും. എന്തുകൊണ്ടാണ് എന്നതിനു ചില കാരണങ്ങൾ നമുക്കു പരിഗണിക്കാം.

1. യോഹന്നാൻ 14:13 വായിച്ചാൽ കർത്താവിന്റെ പ്രസ്താവനയനുസരിച്ച് സ്വർഗ്ഗാരോഹണശേഷം തന്റെ രാജ്യം അവൻ സ്ഥാപിക്കും എന്നരുളപ്പാടുണ്ടായിരുന്നല്ലോ. തന്നെയുമല്ല, ശിഷ്യന്മാരോടു പ്രാർത്ഥിപ്പാൻ അന്നു ആവശ്യപ്പെടുമ്പോൾ സ്വർഗ്ഗസ്ഥനായ പിതാവിനോടു പ്രാർത്ഥിക്കാനാണ് ആവശ്യപ്പെടുന്നത്. ക്രിസ്തുവിന്റെ നാമത്തിൽ പ്രാർത്ഥിക്കണമെന്നു പറഞ്ഞിരുന്നില്ല.

2. കർത്താവു തന്റെ ആത്മിയ രാജ്യം സ്ഥാപിക്കുന്നതിനു മുൻപാണ് മത്തായി ആറാം അദ്ധ്യായത്തിൽ പ്രാർത്ഥിപ്പാൻ പഠിപ്പിക്കുന്നത്. രാജ്യത്തെ കുറിച്ച് പ്രവചിക്കയും വാഗ്ദാനം ചെയ്യുകയും ചെയ്തിരുന്നു. എന്നാൽ അതു വരേണ്ടിയിരുന്നു. അതുകൊണ്ടാണ് അവന്റെ രാജ്യം വരേണമേ എന്നു പ്രാർത്ഥിപ്പാൻ പഠിപ്പിച്ചത്. ഇന്നു നമ്മുടെ കാലത്തു ആ പ്രസ്താവന യുക്തമല്ല. കാരണം, യേശു മരിച്ച്, ഉയർത്തെഴുന്നേറ്റശേഷം അധിക നാൾ കഴിയുന്നതിനു മുൻപ് ദൈവ രാജ്യമായ അവന്റെ സഭ ആരംഭിച്ചു കഴിഞ്ഞു. എ.ഡി. 33-ൽ അതു യെരുശലേമിൽ ആണ് ആരംഭിച്ചത്.

ക്രിസ്തുവിൽ വിശ്വസിക്കുന്ന പലരും ഇതു കർത്താവിന്റെ പ്രാർത്ഥനയെന്ന ധാരണയാൽ വാക്കു തെറ്റാതെ ആവർത്തിച്ചാവർത്തിച്ച് ദിവസവും ഉരുവിടുന്നുണ്ട്. കർത്താവിന്റെ രാജ്യം ആരംഭിച്ച് രണ്ടായിരം വർഷം കഴിഞ്ഞിട്ടും രാജ്യം വരേണമേ എന്നു ഇന്നും പ്രാർത്ഥിക്കുന്നതു അനുചിതം തന്നെയാണ്. ഒരാൾ തനിക്കു ഒരു ഭാര്യ കിട്ടേണം എന്നു പ്രാർത്ഥിച്ച് ഭാര്യ ലഭിച്ച് വർഷങ്ങൾക്കുശേഷവും ഒരു ഭാര്യയെ തരേണമേ എന്നു പ്രാർത്ഥിച്ചാൽ അതു തെറ്റെന്നല്ലാതെ എന്തു പറയാനാണ്? അതുപോലെ തന്നെയാണ്, വന്നു കഴിഞ്ഞ രാജ്യം ഇനിയും വരേോണമേ എന്നു പ്രാർത്ഥിക്കുന്നത്. രാജ്യത്തിന്റെ വ്യാപ്തിക്കും വളർച്ചക്കും വേണ്ടി പ്രാർത്ഥിക്കാം.

മാതൃകാ പ്രാർത്ഥനയിലെ ശേഷം ഭാഗങ്ങൾ ചുരുങ്ങിയതും കാര്യമാത്ര പ്രസക്തവുമാണ്. ഭൗതികമായ ആവശ്യങ്ങൾ ഓരോരുത്തരും ദൈവത്തോടു പ്രാർത്ഥനയിൽ അറിയിക്കണം. പ്രാർത്ഥിക്കുന്നയാൾ, തനിക്കെതിരെ സംഭവിച്ച പാപങ്ങൾ ക്ഷമിക്കാൻ തയ്യാറാകണം. എങ്കിൽ മാത്രമെ സ്വർഗ്ഗസ്ഥനായ പിതാവ് അയാളുടെ തെറ്റു പൊറുക്കയുള്ളു.

ഈ പ്രാർത്ഥനയിൽ പറഞ്ഞിരുന്ന കാര്യങ്ങൾ ശിഷ്യന്മാരുടെ കാലത്തിനു യോജിച്ചതായിരുന്നെങ്കിൽ ചില മാതൃകാ പാഠം നമ്മെ അതു പഠിപ്പിക്കുന്നുണ്ട്. നാം അതു വാക്യാനുസാരമായി ആവർത്തിക്കാതെ അവയുടെ അർത്ഥം മനസ്സിലാക്കി, ഉള്ളടക്കം ശ്രദ്ധയോടെ നോക്കി മനസ്സിലാക്കണം. ജല്പനം യേശു ഇഷ്ടപ്പെടുന്നില്ല. നമ്മുടെ ഹൃദയത്തിൽ നിന്നുള്ള ആത്മാർത്ഥമായതാകണം പ്രാർത്ഥന. വെറും ഒരു ചടങ്ങായി ആതു മാറരുത്. ഈ പ്രാർത്ഥന അതുപോലെ തന്നെ ചൊല്ലുന്ന വ്യക്തിയായാലും സമൂഹമായാലും വചനത്തിലുള്ള അജ്ഞത നിമിത്തമാണ് അതു ചെയ്യുന്നത്.

ക്രിസ്തുവിന്റെ നിയമത്തിൻ കീഴിലാണല്ലൊ നാം ഇന്നു ജീവിക്കുന്നത്. നമ്മളും പ്രാർത്ഥിക്കേണ്ട മാതൃകാ പ്രാർത്ഥനകൾ ഉണ്ട് (പ്രവൃത്തി 2:42;1 തെസ്സലൊനിക്യർ 5:17; ഫിലിപ്പിയർ 4:6; യാക്കോബ് 5:16) ദൈവമക്കൾക്കാണ് പ്രാർത്ഥിക്കുവാനുള്ള അവകാശം ഉള്ളത് പിതാവിന്റെ ഇഷ്ടം അനുസരിച്ച് പ്രാർത്ഥിച്ചാൽ നമ്മുടെ പ്രാർത്ഥനയ്ക്കു മറുപടി ലഭിക്കും (1 യോഹന്നാൻ 5:14,15). അവന്റെ വാഗ്ദാനത്തിനെതിരായോ അവനിഷ്ടമില്ലാത്ത ഏതെങ്കിലും ഒന്നോ നാം ചോദിക്കരുത്. നമ്മുടെ ആവശ്യങ്ങൾ അറിഞ്ഞുകൊണ്ട്, ദൈവത്തെ മഹത്വപ്പെടുത്തി ഭൗതികമായും ആത്മീയമായും ദൈവാനുഗ്രഹങ്ങൾ ക്രിസ്തുവിന്റെ നാമത്തിൽ നാം അപേക്ഷിക്കണം.

നിങ്ങൾ എങ്ങനെയാണ് പ്രാർത്ഥിക്കുന്നത്? ആരെങ്കിലും എഴുതിവെച്ച പ്രാർത്ഥനയാണോ നിങ്ങൾ ചൊല്ലുന്നത്? ദൈവേഷ്ടം ചെയ്ത് അവന്റെ ഹിതപ്രകാരം മാത്രം പ്രാർത്ഥിക്കുക.

# യഥാർത്ഥ മാനസാന്തരം

## ബ്രയൻ കെനിയോൻ

ക്രിസ്തീയ ജീവിതം അതനുസരിക്കാൻ ഭാരമേറിയതെന്നു പറഞ്ഞു കേൾക്കാവുന്ന ഒരു കല്പനയാണ് മാനസാന്തരം എന്നത്. വളരെയധികം പ്രസംഗിക്കപ്പെടുന്ന വിഷയവും മാനസാന്തരം എന്ന താണ്. ഒരാളുടെ മനസിനെയും ജീവിതത്തെയും മാറ്റം വരുത്തുക അത്ര എളുപ്പമല്ല. വാസ്തവത്തിലുള്ള മാനസാന്തരം എന്താണെന്നു ഉദാഹരണ സഹിതം മനസ്സിലാക്കി തരുന്ന ധാരാളം വേദഭാഗങ്ങൾ ഉണ്ട്. എന്നാൽ ഈ ലേഖനത്തിൽ നമുക്കു കൊരിന്ത്യ ലേഖനത്തെ അടിസ്ഥാനമാക്കി ചിന്തിക്കാം. കൊരിന്ത്യർക്കു ആദ്യത്തെ ലേഖനം എഴുതിയപ്പോൾ അവിടെ ധാരാളം പ്രശ്നങ്ങൾ ഉണ്ടായതായി പറ യുന്നു. അവയെ എങ്ങനെ പരിഹരിക്കണം എന്നും നിർദ്ദേശിക്കുക യുണ്ടായി. ഏതാണ്ട് 6 മാസങ്ങൾക്കുശേഷം രണ്ടാമത്തെ ലേഖനം എഴുതുമ്പോൾ പൗലൊസ് ഉപയോഗിക്കുന്ന വാചക ഘടനയിൽ മാറ്റം സംഭവിക്കുന്നുണ്ട്. സന്തോഷത്തോടു കൂടി പൗലൊസ് എഴു തുവാൻ ഇടയാക്കിയ കാരണം അവർ മാനസ്സാന്തരപ്പെട്ടു എന്നതാ ണ്. വാസ്തവത്തിലുള്ള മാനസാന്തരം ആവശ്യപ്പെടുന്നതെന്തെന്ന് കൊരിന്ത്യ ലേഖനത്തിൽ നിന്നു നമുക്ക് പഠിക്കാം.

ഒന്ന്, ശരിയായ മാനസാന്തരത്തിനു പാപത്തിന്റെ സ്വഭാവവും അനന്തരഫലും തിരിച്ചറിയേണ്ടത് ആവശ്യമാണ്. “ഞാൻ ലേഖന ത്താൽ നിങ്ങളെ ദുഃഖിപ്പിച്ചു എങ്കിലും അനുതപിക്കുന്നില്ല; ആ ലേഖനം നിങ്ങളെ കുറെ നേരത്തേക്കെങ്കിലും ദുഃഖിപ്പിച്ചു എന്നു കാണുന്നതുകൊണ്ടു മുമ്പെ അനുതപിച്ചു എങ്കിലും ഇപ്പോൾ ഞാൻ സന്തോഷിക്കുന്നു; നിങ്ങൾ ദുഃഖിച്ചതിനാലല്ല, മാനസാന്തരത്തിനായി ദുഃഖിച്ചതിനാൽ തന്നെ. നിങ്ങൾക്കു അങ്ങനെ ഒന്നിലും ചേതം വരാതെ വണ്ണം ദൈവഹിത പ്രകാരമല്ലൊ നിങ്ങൾ ദുഃഖിച്ചത്” (2 കൊരിന്ത്യർ 7:8-9). പൗലൊസ് തന്റെ ഒന്നാം ലേഖനത്തിൽ കൊരി ന്ത്യരുടെ പാപത്തിന്റെ സ്വഭാവത്തെയും അതിന്റെ ഫലമായി ഉണ്ടാ കാനിടയുള്ള ശിക്ഷയും അവരെ ഓർമിപ്പിച്ചു. അവരുടെ പാപത്തെ സംബന്ധിച്ച് വിവരിക്കുന്നതു 1 കൊരിന്ത്യർ 5:11-13 വരെയുള്ള ഭാഗ ത്താണ്. ഈ എതിർപ്പു മൂലം കൊരിന്ത്യർ ദുഃഖിക്കയും മാനസ്സാന്ത രപ്പെടുകയും ചെയ്തു. പൗലൊസ് തന്റെ ലേഖനത്തിൽ എന്ത് ഉദ്ദേ

ശിച്ചുവോ ആ ഫലം കിട്ടിയതുകൊണ്ടു അവനു ദുഃഖമുണ്ടായില്ല. പൗലൊസ് അവരുടെ കുറ്റങ്ങളും ഫലങ്ങളും എഴുതി അറിയിച്ചില്ലായിരുന്നെങ്കിൽ അവർ ദുഃഖിക്കുകയോ മാനസാന്തരപ്പെടുകയോ ചെയ്യുമായിരുന്നില്ല.

നാം വാസ്തവത്തിൽ മാനസ്സാന്തരപ്പെടുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ നമ്മുടെ പാപത്തെയും അതിന്റെ സ്വഭാവത്തെയും ദൂഷ്യഫലങ്ങളേയും തിരിച്ചറിയണം. പാപത്തിന്റെ ഫലം ആത്മിയവും വരുന്നതു ദൈവത്തിൽ നിന്നുമാണ് (യെശയ്യാവ് 59:1-2; യെഹസ്ക്കേൽ 18:20; റോമർ 6:23). ആകയാൽ മാനസ്സാന്തരപ്പെട്ടില്ലെങ്കിൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും എന്നു പറഞ്ഞിട്ടുള്ളതിൽ അത്ഭുതപ്പെടാനേ ഇല്ല (ലൂക്കൊസ് 13:3).

രണ്ട്, യഥാർത്ഥ മാനസാന്തരത്തിനു ദൈവഹിത പ്രകാരമായ ദുഃഖം അനുതാപം വരാത്ത മാനസാന്തരത്തെ രക്ഷക്കായി ഉളവാക്കുന്നു (2 കൊരിന്ത്യർ 7:10). ലോക പ്രകാരമുള്ള ദുഃഖം ഒരിക്കലും മാനസ്സാന്തരമല്ല പുറപ്പെടുവിക്കുന്നത്. ദൈവത്തിന്റെ ഇഷ്ടം ബോധ്യമായതുകൊണ്ടുള്ള ദുഃഖമാണ് ആത്മിയമായി പ്രയോജനപ്പെടുത്തുന്നത്. "ദോഷം അകറ്റി നടക്കുന്നതു നേരുള്ളവരുടെ പെരുവഴി. തന്റെ വഴി സൂക്ഷിക്കുന്നവൻ തന്റെ പ്രാണനെ കാത്തുകൊള്ളുന്നു" (സദൃശമാക്യങ്ങൾ 6:7). ദൈവം പാപത്തെ വെറുക്കുന്നു (സദൃശവാക്യങ്ങൾ 6:17-19). അതുകൊണ്ടു നാമും പാപത്തെ വെറുക്കണം (സങ്കീർത്തനം 119:104). പാപം നമ്മുടെ ഹൃദയത്തിൽ കടന്നാൽ ക്ഷമാപണം കൂടിയേ തീരു. അല്ലെങ്കിൽ നാം ദൈവ കോപത്തിനിരയാകും (മത്തായി 5:3-4). ദൈവത്തിന്റെ ഇച്ഛ എന്തെന്നറിഞ്ഞു ദുഃഖിക്കുന്നവർക്കു പ്രതിഫലമുണ്ട്. അതു അവരുടെ രക്ഷയിലേക്ക് നയിക്കുന്നു. വെറും ദുഃഖവും മാനസാന്തരവും തമ്മിൽ വ്യത്യാസമുണ്ട്. മാനസ്സാന്തരപ്പെടാതെ തന്നെ ഒരാൾക്കു അനുതപിക്കാൻ കഴിയും. സ്വന്തം ഇഷ്ടത്തെ മാറ്റി നിർത്തി ചെയ്തുപോയ തെറ്റുകൾ മേലിൽ ഉണ്ടാകാത്ത വിധം തീരുമാനിക്കയും ജീവിതത്തിൽ ഒരു നവോത്ഥാനം ഉണ്ടാകുകയും ചെയ്യണം (ലൂക്കൊസ് 15:17,20). പിടിക്കപ്പെടുമ്പോൾ ദുഃഖിക്കയും ക്ഷമായാചനം നടത്തുകയും ചെയ്യുന്നത് ശരിയായ മാനസാന്തരമാകുന്നില്ല.

മൂന്ന്, യഥാർത്ഥ മാനസാന്തരത്തിനു ജീവിതത്തിൽ ഒരു നവോത്ഥാനം ആവശ്യമാണ്. "ദൈവഹിത പ്രകാരം നിങ്ങൾക്കുണ്ടായ

ഈ ദുഃഖം എത്ര ഉത്സാഹം, എത്ര പ്രതിവാദം, എത്ര നീരസം, എത്ര ഭയം, എത്ര വാഞ്ഛ, എത്ര എരിവ്, എത്ര പ്രതികാരം നിങ്ങളിൽ ജനിപ്പിച്ചു; ഈ കാര്യത്തിൽ നിങ്ങൾ നിർമ്മലന്മാർ എന്നു എല്ലാ വിധത്തിലും കാണിച്ചിരിക്കുന്നു" (2 കൊരിന്ത്യർ 7:11). കൊരിന്ത്യർക്കു മാറ്റം സംഭവിച്ചു അവരുടെ ശ്രദ്ധ ഇപ്പോൾ ഉത്സാഹമായി മാറി. ഒരിക്കൽ അവർ പാപത്തെ അനുവദിച്ചിരുന്നെങ്കിൽ, പൗലൊസ് അവരെ പ്രബോധിപ്പിച്ചതുകൊണ്ട് അവർ തങ്ങളെ ശുദ്ധീകരിക്കാൻ ദൈവത്തിനു ഏല്പിച്ചു കൊടുത്തു.

നിങ്ങൾ വാസ്തവത്തിൽ മാനസാന്തരപ്പെട്ടിട്ടുണ്ടോ? ഇല്ലെങ്കിൽ ഇന്നു തന്നെ മനസു പുതുക്കി രൂപാന്തരപ്പെടുക. മാനസാന്തരപ്പെട്ടില്ലെങ്കിൽ നാശമാണ് ഫലം എന്ന കാര്യം മറക്കരുത്. ഓരോ വ്യക്തിയുടെയും ജീവിതത്തിൽ പാപം മോചിക്കപ്പെടേണ്ടത് അത്യാവശ്യമാണ്. കാരണം മനുഷ്യരെല്ലാവരും പാപം ചെയ്യുന്നവരാണ്. അതുകൊണ്ട് ദൈവത്തിന്റെ മുന്നറിയിപ്പ് ആരും അവഗണിക്കരുത്. ഈ ഭൂമിയിലെ ജീവിതത്തിൽ നാം ക്രമീകരിക്കേണ്ടതായ പല കാര്യങ്ങളിൽ ഒന്നാണ് മനസ്സ്. മനസ്സും, ശരീരവും, ആത്മാവും ദൈവസന്നിധിയിൽ നേരുള്ളതായി കാണുവാൻ ദൈവം ആഗ്രഹിക്കുന്നു.

✶

# ദൈവപുത്രൻ

## ഗ്യാരി.സി.ഹാമ്ടൺ

**വചനം ദൈവമായിരുന്നു.**

ഇന്ന് ഒരാളുടെ സന്തതിയെ അറിയപ്പെടുന്നതു അയാളുടെ പിന്തുടർച്ചാവകാശിയായ മകൻ എന്നാണ്. ദത്തെടുത്താലും മകൻ എന്ന പങ്കു മാത്രമാണ് ലഭിക്കുന്നത്. യേശു ദൈവപുത്രൻ എന്നു വിളിക്കപ്പെടുവാൻ മറ്റൊരു കാരണം ഉണ്ട്. അവൻ ജനനത്താൽ തീർച്ചയായും ദൈവത്തിന്റെ പുത്രൻ ആയിരുന്നു. (ലൂക്കൊസ് 1:34-35). ദൈവപുത്രനായിരുന്ന യേശുവിന്റെ ബാല്യത്തിൽ പോലും ദൈവസ്വഭാവം ഉള്ളവനായി അറിയപ്പെട്ടിരുന്നു. യേശു, ദൈവത്തെ പിതാവ് എന്നു സംബോധന ചെയ്തപ്പോൾ അവൻ ദൈവമാണെന്നു അവകാശപ്പെടുന്നതായി യെഹൂദന്മാർക്കു മനസിലായി (യോഹന്നാൻ

5:17–24).

ക്രിസ്തുവിന്റെ ജീവിതത്തെ വിശദീകരിക്കുമ്പോൾ യോഹന്നാൻ പറയുന്നതു: യേശു ഭൂമിയിലേക്കു വന്ന ദൈവമായിരുന്നു എന്നാണ്. ആദിയിൽ വചനമുണ്ടായിരുന്നു; വചനം ദൈവത്തോടു കൂടെ ആയിരുന്നു; വചനം ദൈവം ആയിരുന്നു. അവൻ ആദിയിൽ ദൈവത്തോടു കൂടെ ആയിരുന്നു. സകലവും അവൻ മുഖാന്തരം ഉളവായി; ഉളവായത് ഒന്നും അവനെ കൂടാതെ ഉളവായതല്ല (യോഹന്നാൻ 1:1–3). വചനം ദൈവത്തോടു കൂടെ ആയിരുന്നു എന്നും, ദൈവമായിരുന്നു എന്നും യോഹന്നാൻ പറയുന്നതിന്റെ അർത്ഥം യേശു ദൈവമായിരുന്നു എന്നത്രെ. കാരണം ദൈവമായിരുന്നു സൃഷ്ടികർത്താവ് (ഉല്പത്തി 1:1; കൊല്യസ്യർ 1:16–17). വചനം ദൈവമായിരുന്നു എന്നു പറഞ്ഞിരിക്കുന്നത് യേശുവിനെ തന്നെയാണ് (യോഹന്നാൻ 1:14).

✶

# നാം കൊടുക്കേണ്ട കടം

## ജോണി രാംസെ

നിങ്ങളുടെ സമ്മതം നോക്കാതെ നിങ്ങളുടെ ആത്മാവിനെ കൂട്ടിക്കൊണ്ടുപോയി അടിമയായി വെക്കുന്നതിനെ കുറിച്ചു ഒന്നു ഊഹിച്ചു നോക്കുക. അതു നമുക്കു സുഖകരമായ ഒരു ചിത്രമല്ല തരുന്നത്. എന്നാൽ അനേകരുടെ ആത്മീയ അവസ്ഥ ഇതാണെന്നു തെളിയിക്കുന്നു. നമ്മെ തട്ടിക്കൊണ്ടുപോയതു സാത്താനും അടിമയാക്കിയതു പാപത്തിനും ആണ് (റോമർ 7:13–14). എന്നാൽ ദൈവപുത്രനായ യേശു വന്നു നമ്മെ വീണ്ടെടുക്കുന്നതിനു വില കൊടുത്തു. എല്ലാവർക്കും വേണ്ടി അവൻ തന്നെത്തന്നെ മറുവിലയായി നല്കി (1 തിമൊഥെയോസ് 2:6). ദൈവ ശക്തിയാൽ അവൻ കല്ലറയിൽ നിന്നു ഉയിർത്തെഴുന്നേറ്റു. ദൈവ പുത്രൻ എന്നു തെളിയിക്കപ്പെട്ടു (റോമർ 1:4). യേശുവിന്റെ മരണവും ഉയിർപ്പും നമ്മെ അടിമത്വത്തിൽ നിന്നുമോചിപ്പിച്ചു (എഫെസ്യർ 4:8). അങ്ങനെ സാത്താനു മരണത്തിന്മേൽ ഉണ്ടായിരുന്ന ശക്തി കർത്താവ് ഇല്ലാതാക്കി (എബ്രായർ 2:14).

**നമ്മുടെ പാപങ്ങൾക്കുള്ള പ്രായശ്ചിത്തമാണ് ക്രിസ്തു**

“എന്റെ കുഞ്ഞുങ്ങളെ, നിങ്ങൾ പാപം ചെയ്യാതിരിപ്പാൻ ഞാൻ ഇതു നിങ്ങൾക്കു എഴുതുന്നു. ഒരുത്തൻ പാപം ചെയ്തു എങ്കിലോ, നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്കു പിതാവിന്റെ അടുക്കൽ ഉണ്ടു. അവൻ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തം ആകുന്നു; നമ്മുടേതിനു മാത്രമല്ല, സർവ്വലോകത്തിന്റെ പാപത്തിനും തന്നേ (1 യോഹന്നാൻ 2:1-2). അവൻ നീതിമാൻ ആകുന്നു. പാപം ചെയ്യുന്നവർ പിശാചിന്റെ മകൻ ആകുന്നു. പിശാച് ആദി മുതൽ പാപം ചെയ്യുന്നുവല്ലോ. പിശാചിന്റെ പ്രവർത്തികളെ അഴിപ്പാൻ തന്നേ മനുഷ്യ പുത്രൻ പ്രത്യക്ഷനായി (1 യോഹന്നാൻ 3:8).

ബലവാന്റെ വീട്ടിൽ കടന്നുചെന്നു അവന്റെ സാധനങ്ങളെ നശിപ്പിച്ചുകൊണ്ടു നമ്മുടെ രക്ഷകൻ സാത്താന്റെ മേൽ വിജയം നേടി (മത്തായി 12:29). ലോകത്തിലുള്ളതിനേക്കാൾ നമ്മിലുള്ള ദൈവശക്തി വലുതാകയാൽ കഴിഞ്ഞതെല്ലാം നീക്കി കളഞ്ഞു നമ്മുടെ സ്യഷ്ടാവിനോടു പുനഃസമാധാനത്തിലേർപ്പെടുവാൻ കഴിഞ്ഞു (യോഹന്നാൻ 4:4). ഇപ്പോൾ നമുക്ക് കർത്താവിന്റെ കൈ പിടിച്ച് അവനോട് കൂടെ നടക്കാം (കൊലൊസ്യർ 1:10). യേശുവിനോടു ഒരിക്കൽ ശത്രുത പുലർത്തിയിരുന്ന പൗലൊസ് സുവിശേഷം അനുസരിച്ചപ്പോൾ അവന്റെ പാപങ്ങൾ കഴുകി കളഞ്ഞു (പ്രവ്യത്തി 22:16). പാപ ഭാരവും മത്സര സ്വഭാവവും അവനിൽ നിന്നു മാഞ്ഞുപോയി. തേജസേറിയ യേശുവിന്റെ രക്തത്തിന്റെ ശക്തി തർസൊസുകാരൻ ശൗലിനു ദൈവ ഭവനത്തലേക്കു പ്രവേശിക്കുവാനുള്ള ഒരു പാലമായി തീർന്നു (1 തിമൊഥെയൊസ് 1:12-15).

ദൈവം മനുഷ്യനെ നോക്കുമ്പോൾ ക്രിസ്തുവിനെ കൂടാതെയാണെങ്കിൽ മനുഷ്യനിൽ അഭംഗി വെളിപ്പെടുന്നു. മുമ്പെ നാമും ബുദ്ധി കേട്ടവരും അനുസരണമില്ലാത്തവരും വഴി തെറ്റിനടക്കുന്നവരും നാനാ മോഹങ്ങൾക്കും ഭോഗങ്ങൾക്കും അധീനരും ഈർഷ്യയിലും അസൂയയിലും കാലം കഴിച്ചവരും ദ്വേഷിതരും അന്യോന്യം പകെക്കുന്നവരും ആയിരുന്നുവല്ലോ (തിത്തൊസ് 3:3) എന്നാൽ അതു കൊണ്ടുണ്ടായ ദുഃഖവും ഭാരവും നീങ്ങി പോകുവാനിടയായത് ക്രിസ്തു നമ്മെ വീണ്ടെടുത്തപ്പോഴാണ്. സ്വർഗ്ഗീയ പിതാവിന്റെ കരുണയും കൃപയും ആണ് അതു സാദ്ധ്യമാക്കി തീർത്തത്: അവൻ നമ്മെ നാം ചെയ്ത നീതി പ്രവൃത്തികളാലല്ല, തന്റെ കരുണ പ്രകാ

രമത്രെ രക്ഷിച്ചത് (തീത്തൊസ് 3:5). തന്റെ കൃപയാൽ നമ്മെ രക്ഷിക്കുന്നു ഇവ രണ്ടിനും നമുക്ക് അർഹതയില്ല. ദൈവത്തിന്റെ കരുണയും കൃപയും ഇല്ലായിരുന്നെങ്കിൽ നമ്മുടെ സ്ഥിതി പരിതാപകരമാവുമായിരുന്നു.

**യേശുവിന്റെ രക്തത്താൻ നമ്മെ വിലയ്ക്കു വാങ്ങി**

ഇതെഴുതിയ അപ്പൊസ്തലനായ പൗലൊസ് നമ്മുടെ മനസിനെ ഉണർത്തുന്നു. ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്ന നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലയ്ക്കു വാങ്ങിയിരിക്കയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ നിങ്ങളുടെ ശരീരം കൊണ്ടു ദൈവത്തെ മഹത്വപ്പെടുത്തുവിൻ (1 കൊരിന്ത്യർ 6:19–20). ക്രിസ്തു വലിയ വില കൊടുത്തു നമ്മെ വാങ്ങിയിരിക്കകൊണ്ടു നാം നമുക്കുള്ളവരല്ല. സാത്താന്റെ ആധിപത്യത്തിൽ നിന്നാണ് യേശു നമ്മെ വിലകൊടുത്തു വാങ്ങിയത്.

എല്ലാം നഷ്ടപ്പെട്ടു നിരാശയിൽ കഴിഞ്ഞിരുന്നപ്പോഴാണ് ദൈവത്തിന്റെ മനസലിവു നാം അറിഞ്ഞത്. നമ്മുടെ ആത്മാക്കളെ നഷ്ടപ്പെടുത്തിയത് പിശാചാണ്. എന്നാൽ ദൈവത്തിനു നമ്മിൽ തോന്നിയ അനുകമ്പ നിമിത്തം നമുക്കു വരേണ്ടിയിരുന്ന നാശം ഒഴിവാക്കി. ആരും നശിച്ചു പോകുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. സത്യത്തിന്റെ പരിജ്ഞാനവും എല്ലാവർക്കും ഉണ്ടാകണമെന്നു ദൈവം ആഗ്രഹിക്കുന്നു (1 തിമൊഥെയോസ് 2:4). നമ്മെ വീണ്ടെടുത്തപ്പോൾ നാം സ്വതന്ത്രരായി തീർന്നു. ഇപ്പോൾ നാം സർവ്വശക്തനായ രാജാവിന്റെ മക്കൾ ആയി തീർന്നു.

✶

# വിഭാഗീയ രഹിത ക്രിസ്ത്യാനിത്വം

## ഗ്ലെൻ കോളെ

ഒരാൾ ഏതെങ്കിലും നാമധേയ വിഭാഗത്തിൽ അംഗമാണ് എന്നു

പറയുന്നതു തികച്ചും സമൂഹത്തിൽ അംഗീകരിച്ചിരിക്കുന്ന വസ്തുതയാണല്ലൊ. എന്നാൽ അതിന്റെ ഗൗരവാവസ്ഥ ആരും പരിഗണിക്കുന്നില്ല. ആളുകളുടെ കാഴ്ച്ചപ്പാടിൽ ഏതെങ്കിലും ഒരു വിഭാഗത്തിൽ അംഗമായിരിക്കണം എന്നേയുള്ളു. അതേതായാലും കുഴപ്പമില്ല എന്നതാണ് അവരുടെ തോന്നൽ. നാമധേയ വിഭാഗങ്ങളെ ആളുകൾ പ്രശ്നമാക്കുന്നേയില്ല. വാസ്തവത്തിൽ എണ്ണിയാൽ തീരാത്ത വണ്ണം ലോകം മുഴുവൻ വ്യാപിച്ചു കിടക്കുന്ന ശ്രുംഖലയാണ് ഇത്. എന്താണ് നാമധേയ വിഭാഗം എന്നാൽ? അതറിഞ്ഞു കൂടാത്ത ധാരാളം പേർ ലോകത്തിലുണ്ട്.

പ്രത്യേകം നാമമെടുത്തു വിഭജിച്ചിരിക്കുന്ന ഓരോ സംഘടനകളാണ് നാമധേയ വിഭാഗങ്ങൾ. മതപരമായി സ്വയം പേരെടുത്തിരിക്കുന്ന വ്യത്യസ്ത സമുദായങ്ങളായി നിലകൊള്ളുന്നവരെയാണ് നാമധേയ വിഭാഗങ്ങൾ എന്നറിയപ്പെടുന്നത്. ഓരോന്നും സ്വതന്ത്ര ക്രിസ്ത്യൻ സംഘടനകളായി അറിയപ്പെടുന്നു. ഏതു വിഭാഗത്തിലായാലും കുഴപ്പമില്ല എന്നതാണ് അവരുടെ ചിന്ത. സ്വർഗ്ഗത്തിൽ പോകുവാൻ അതൊന്നും തടസമല്ല എന്ന കണക്കുകൂട്ടലിലാണ് അവർ സ്വർഗ്ഗത്തിൽ പോകുവാൻ അവരുടെ വിഭാഗത്തിൽതന്നെ അംഗങ്ങളായിരിക്കണം എന്ന് അവർക്ക് നിർബന്ധമില്ല. ഒരു വിഭാഗം മറ്റൊന്നുപോലെ നല്ലതാണ് എന്നതാണ് അവരുടെ വിശ്വാസം. പക്ഷെ ഓരോരുത്തരും അവരവരുടെ സമൂഹമാണ് മെച്ചപ്പെട്ടതെന്നു അവർ വാദിക്കും. അവരുടെ കാഴ്ച്ചപ്പാടിൽ സഭ എന്നതു വലിയ ഒരു സമൂഹവും നാമധേയ വിഭാഗങ്ങളെല്ലാം അതിലെ ഓരോ ശാഖകളും ആകുന്നു എന്നതാണ് അവരുടെ ആശയം. പക്ഷേ ദൈവവുമായുള്ള ബന്ധത്തിൽ ഈ വിഷയത്തെ അവർ പരിശോധിക്കാറില്ല.

ക്രിസ്ത്യാനികേളെ കുറിച്ചോ സഭയെ കുറിച്ചോ ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്ന സത്യം ബഹുഭൂരിപക്ഷം ജനങ്ങൾക്കും അറിഞ്ഞുകൂടാ. അഥവാ ചുരുക്കം പേർ മനസിലാക്കിയാലും അതത്ര ഗൗരവമായി എടുത്തിട്ടില്ല. അവർക്കു ദൈവത്തിന്റെ ഹിതം വാസ്തവത്തിൽ അറിയണമെന്നുണ്ടായിരുന്നെങ്കിൽ അവർ പുതിയ നിയമം ശരിയായി വായിക്കുമായിരുന്നു. അതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളെ യുക്തി സഹജമായി ഗ്രഹിക്കുമായിരുന്നു. തന്നെയുമല്ല. ദൈവ നിയമ വിരുദ്ധമായ നാമധേയ വിഭാഗീയത ഇല്ലാത്ത ക്രിസ്ത്യാ

നിത്വത്തെയാണ് വേദ പുസ്തകം പ്രബോധിപ്പിക്കുന്നത്. തിരുവെഴുത്തുകളെ വിശ്വസിക്കുന്നവർ ഈ സത്യത്തെ സ്വീകരിക്കും. നാമധേയ വിഭാഗങ്ങളിലെ അംഗത്വത്തേക്കാൾ ക്രിസ്തുവിന്റെ സഭയിലെ അംഗത്വമാണ് ദൈവം അംഗീകരിക്കുക എന്നതാണ് പരമാർത്ഥം. ദൈവാത്മാവിനാൽ പ്രചോദിതരായ ലേഖകന്മാരുടെ പ്രസ്താവനകളെ വേദ വാക്യമായി നമുക്ക് എടുക്കാവുന്നതാണ്.

ഒരു നാമധേയ വിഭാഗത്തിലും അംഗമാകതെ വിശ്വസ്തരായ ക്രിസ്ത്യാനികളായി ജീവിക്കുവാനും ക്രിസ്തുവിനെ ശുശ്രുഷിക്കുവാനും മരണം വരെ ഇന്നും അവസരമുണ്ട്. അങ്ങനെ മരിച്ചാൻ പിന്നീട് സ്വർഗ്ഗത്തിൽ എന്നേക്കും ദൈവവുമായി വസിക്കുവാനും സാധിക്കും എന്നു നിങ്ങൾക്കറിയാമോ? അതു സാദ്ധ്യമാണ്, യാഥാർത്ഥ്യവുമാണ്. ലോകത്തിൽ ഉള്ള നാമധേയ വിഭാഗങ്ങളിൽ അംഗങ്ങളാകാൻ ബൈബിളിൽ ദൈവം പറഞ്ഞിട്ടില്ല. അങ്ങനെ ചെയ്താൽ ദൈവം വെറുക്കുകയും ചെയ്യുന്നു. എന്നാൽ ബൈബിളിൽ സഭയെ വെളിപ്പെടുത്തിയിട്ടുണ്ട്. അതു വിഭജിക്കപ്പെട്ടതല്ല. പിന്നെയോ ഏകസഭയാണ്. ആ സഭ ക്രിസ്തുവിനുള്ളതാണ്; ക്രിസ്തുവാണ് ആ സഭയുടെ തല. ഇതാണ് പലർക്കും മനസിലാക്കാൻ കഴിയാത്തത്. അതുകൊണ്ട് അവർ സഭയെ മാറ്റിയിരിക്കയാണ്. അതുകൊണ്ടു അവരുടെ സംഘടനകൾക്കെല്ലാം ഓരോ മാനുഷിക തലയും തലസ്ഥാനവും അവർ രൂപപ്പടുത്തിയിരിക്കുന്നു. ബൈബിളിലെ പുതിയ നിയമ സഭയുടെ ചിത്രം നിങ്ങൾക്കു കിട്ടുവാൻ അപ്പൊസ്തലനായ പൗലൊസിന്റെ ലേഖനങ്ങൾ വായിക്കണം. നിഷ്പ്പക്ഷമായി പരിശോധിച്ച് കാര്യങ്ങൾ വസ്തുനിഷ്ഠമായി ഉൾക്കൊള്ളുക.

ഏകമെന്ന് അല്ലെങ്കിൽ ഒന്ന് എന്നു വിവരിക്കുന്ന ഏഴു കാര്യങ്ങളെ പരാമർശിക്കുന്നുണ്ട്, എഫെസ്യ ലേഖനം 4-ാം അദ്ധ്യായത്തിൽ. നാമധേയ വിഭാഗീയതയിൽ വിശ്വസിച്ചുകൊണ്ട് ഒരാൾക്കു എഫെസ്യ ലേഖനത്തിലെ ഈ വിവരണം വിശ്വസിക്കാൻ പ്രയാസമാണ്. “നിങ്ങളെ വിളിച്ചപ്പോൾ ഏക പ്രത്യാശക്കായി നിങ്ങളെ വിളിച്ചതുപോലെ ശരീരം ഒന്നു, ആത്മാവ് ഒന്നു, കർത്താവ് ഒരുവൻ, വിശ്വാസം ഒന്നു, സ്നാനം ഒന്ന്, എല്ലാവർക്കും മീതെയുള്ളവനും, എല്ലാവരിലും കൂടി വ്യാപരിക്കുന്നവനും എല്ലാവരിലും ഇരിക്കുന്നവനായി എല്ലാവർക്കും ദൈവവും പിതാവും ആയവൻ ഒരുവൻ”

(എഫെസ്യർ 4:4-6). ക്രിസ്തുവിന്റെ ശരീരമാണ് സഭ. ആ സഭയുടെ തലയാണ് ക്രിസ്തു (എഫെസ്യർ 1:23). ഒരു ശരീരത്തിനു അനേക തലകളോ, ഒരു തലയ്ക്ക് അനേകം ശരീരങ്ങളോ ബൈബിളിനു അന്യമാണ്. അതുകൊണ്ട് നാമധേയ വിഭാഗങ്ങൾ അനുവദനീയമല്ല.

ക്രിസ്ത്യാനികളെ ഭിന്നിപ്പിക്കുവാൻ ശ്രമിച്ച ഒരു സംഭവം കൊരിന്തിൽ ഉണ്ടായിട്ടുണ്ട്. അവർ ഓരോരുത്തരുടെ പക്ഷം പിടിച്ച് ഗ്രൂപ്പുകൾ ഉണ്ടാക്കാൻ നോക്കി. ദൈവ വചനം പ്രസ്താവിച്ചുകെണ്ടിരിക്കുന്ന ഓരോ ഉപദേഷ്ടാക്കൻമാരുടെ പേരുകളാൽ അവർ അറിയപ്പെടണമെന്നു വിചാരിച്ചു. അപ്പൊസ്തലനായ പൗലോസ് ഇതിനെ നിശിതമായി എതിർത്തു അവർക്കു ലേഖനം എഴുതി അയക്കുന്നുണ്ട്. സഹോദരന്മാരെ, നിങ്ങൾ എല്ലാവരും ഒന്നു തന്നെ സംസാരിക്കയും നിങ്ങളുടെ ഇടയിൽ ഭിന്നത ഭവിക്കാതെ ഏകമനസിലും ഏകാഭിപ്രായത്തിലും യോജിച്ചിരിക്കയും വേണം എന്നു ഞാൻ നിങ്ങളെ കർത്താവായ യേശുക്രിസ്തുവിന്റെ നാമം ചൊല്ലി പ്രബോധിപ്പിക്കുന്നു. നിങ്ങളിൽ ഒരുത്തൻ, ഞാൻ കേഫാവിന്റെ പക്ഷക്കാരൻ ഞാൻ അപ്പല്ലോസിന്റെ പക്ഷക്കാരൻ എന്നിങ്ങനെ പറയുന്നു പോൽ"(1 കൊരിന്ത്യർ 1:10-12)

ഭിന്നതയുണ്ടാകരുതെന്നു കർത്താവു ആഗ്രഹിച്ചു പ്രാർത്ഥിച്ചു (യോഹന്നാൻ 17:21-23). അപ്പോസ്തലൻ പറഞ്ഞു. ഭിന്നത ഉണ്ടാകരുത് എന്ന്. കർത്താവിന്റെ കല്പനകൾ അനുസരിച്ചു രക്ഷിക്കപ്പെടുന്നവർ കർത്താവിനാൽ ചേർക്കപ്പെട്ട അവന്റെ സഭയായിരിക്കും. ക്രിസ്തു ഒരിക്കലും വിഭജിക്കപ്പെട്ടിട്ടില്ല. നിങ്ങൾ എല്ലാവരും ആ ഏകശരീരത്തിൽ അംഗങ്ങളായി തീരുവാൻ പുതിയ നിയമത്തിലെ കർത്താവിന്റെ നിബന്ധനകൾ അനുസരിക്കുക (മർക്കൊസ് 16:16; പ്രവൃത്തികൾ 2:38; യോഹന്നാൻ 3:3-5). പുതിയ നിയമത്തിൽ നിങ്ങൾ വായിക്കുന്ന ക്രിസ്തുവിന്റെ സഭ ഒരു വിഭാഗമല്ല. അതു കർത്താവിന്റെ തന്നെ ശരീരമാണ്. നിങ്ങൾ ബൈബിൾ വിശ്വസിച്ച് വിശ്വസ്തരായ ക്രിസ്ത്യാനികളായി, വചനപ്രകാരം ജീവിച്ച് കർത്താവിന്റെ സഭയിൽ നിലനില്ക്കുക.

✶

# കർത്താവിന്റെ നാമത്തിൽ

## ജെറി മനാസ്കോ

ക്രിസ്ത്യാനികൾക്കറിയാം അവർ എന്തു ചെയ്താലും അതു കർത്താവിന്റെ നാമത്തിലാണ് ചെയ്യേണ്ടതെന്ന് (കൊലൊസ്യർ 3:17). കർത്താവിന്റെ നാമത്തിൽ എന്ന പ്രയോഗം ഇന്നു സർവ്വ സാധാരണയായി ഉപയോഗിക്കുന്നവരുമുണ്ട്. ചിലപ്പോൾ കർത്താവിനു ദുഷ്യമായും അതു വരുത്തി തീർക്കാറുണ്ട്.

### ഒരു ആചാരവ്യവസ്ഥയല്ല

ഒരാൾ അനുഷ്ഠിക്കേണ്ട വെറും ഒരു ചടങ്ങായ ഒന്നല്ല കർത്താവിന്റെ നാമത്തിൽ എന്നത്. ആരാധനാ മദ്ധ്യേ ഭക്തിക്കു കൊഴുപ്പു കൂട്ടുവാൻ ഉപയോഗിക്കുന്ന പദപ്രയോഗവുമല്ല അത്. കർത്താവിന്റെ നാമത്തിൽ എന്നു നാം പറയുമ്പോൾ ദൈവാധികാരത്തെയും അംഗീകാരത്തെയും ആണ് വെളിപ്പെടുത്തുന്നത്. നാം പറയുകയോ ചെയ്യുകയോ ചെയ്യുന്ന കാര്യങ്ങൾ വചനാനുസരണമല്ലെങ്കിൽ കർത്താവിന്റെ നാമത്തിൽ എന്നു പറഞ്ഞാലും ഫലമില്ല. നിയമ വിരുദ്ധമായി ഈ പദം ഉപയോഗിക്കാവുന്നതല്ല. പരമോന്നത അധികാരത്തെ ആദരിക്കുന്നവരായ നാം ദുരുപയോഗപ്പെടുത്തുകയില്ല.

കർത്താവിന്റെ നാമത്തിൽ അനവധി കാര്യങ്ങൾ പലഘട്ടങ്ങളായി നടത്തിയവരുണ്ട്. അതു കർത്താവു മുൻകൂട്ടി അറിയിച്ചിട്ടുമുണ്ട്. അവരെ വിശ്വസിക്കരുതെന്നും പരിശോധിക്കണമെന്നും കർത്താവ് അരുളി ചെയ്തിട്ടുണ്ട്. കർത്താവിന്റെ നാമത്തിൽ പലരും അത്ഭുതങ്ങൾ നടത്തുന്നുണ്ട്. ഇതു മുന്നറിയിച്ചിട്ടുള്ള കാര്യമാണ്. (മത്തായി 7:22). കർത്താവിന്റെ നാമത്തിൽ ചെയ്യുന്ന നിരവധി കുറ്റകൃത്യങ്ങൾ ഉണ്ട്. ആ വിശുദ്ധനാമത്തെ എടുത്തു ന്യായികരിച്ചു കൊണ്ടു ചെയ്യുന്ന ഈ പ്രവൃത്തികളൊന്നും ദൈവഹിത പ്രകാരമുള്ളതല്ല. മതപരമായ തെറ്റുകളെല്ലാം മനുഷ്യരാൽ കണ്ടുപിടിക്കപ്പെട്ടതാണ്. കർത്താവിന്റെ നാമത്തിനു ദോഷം വരുന്ന ദുരുപദേശങ്ങൾ മാത്രം സംസാരിക്കയും അപ്പൊസ്തലന്മാരെ സകല സത്യത്തിലും വഴി നടത്തിയ പരിശുദ്ധാത്മാവിനു വിരുദ്ധമായിട്ടാണ് അവർ നീങ്ങുന്നത് (യോഹന്നാൻ 16:13;1 യോഹന്നാൻ 14:26).

സകല പാപത്തിന്റെയും മറയായി കർത്താവിന്റെ നാമം എടുത്തു പ്രയോഗിക്കുന്നത് മതപരമായും ധാർമികപരമായും തെറ്റുതന്നെയാ

ണ്. പാപത്തെ സ്നേഹിച്ചുകൊണ്ടു പാപത്തിൽ മുഴുകി ജീവിക്കുന്നവർ ഒഴിവുകഴിവിനായി എടുക്കുന്നത് കർത്താവിന്റെ നാമത്തെയാണ്. കർത്താവു വെള്ളം വീഞ്ഞാക്കി മാറ്റിയതു കൊണ്ട് മദ്യപിക്കുന്നതു തെറ്റല്ല എന്ന ന്യായീകരണമാണ് ചിലർ നടുത്തുന്നതു. കർത്താവ് കൃപാലുവായതുകൊണ്ടു എങ്ങനെ ജീവിച്ചാലും കുഴപ്പമില്ല എന്നു വാദിക്കുന്നവരുണ്ട്. ഇതും കർത്താവിന്റെ അധികാരത്തെ തെറ്റായി വ്യാഖ്യാനിക്കുന്നതാണ്. ഇന്നത്തെ പുരോഹിതന്മാരും ബിഷപ്പുമാരും അവരുടെ മതപരമായ ആചാരങ്ങളും കർത്താവിന്റെ നാമത്തിലാണ് ചെയ്യുന്നത്. ഇതെല്ലാം കർത്താവിന്റെ നാമത്തെ അപമാനിക്കുന്നതിനു തുല്യമാണ്. പാപത്തെ ന്യായീകരിക്കുന്നവനല്ല കർത്താവ്. പാപത്തെ ക്ഷമിക്കുന്നവനാണ്. പക്ഷെ ക്രിസ്തുവിന്റെ അധികാരത്തെ മാനിക്കുകയും നിബന്ധനകൾ പാലിക്കപ്പെടുകയും ചെയ്യുന്നവർക്കാണ് അത് പ്രയോജനപ്പെടുന്നത്.

**തെറ്റിനെ ശരിയാക്കാൻ സാദ്ധ്യമല്ല**

ബൈബിളിനോടു അല്പമെങ്കിലും ആദരവുള്ളവർ എല്ലാവരും അതിൽ പ്രതിപാദിച്ചിരിക്കുന്ന ധർമ്മിക സത്യങ്ങളെ തിരിച്ചറിയും. മതപരമായ കാര്യങ്ങളിൽ അതു വാസ്തവമല്ലേ? ഓരോരുത്തരും താന്താന്റെ മതപരമായ പൈതൃകാവകാശത്തെ ബൈബിളുമായി ഒത്തുനോക്കി പരിശോധിക്കണം നാമധേയ വിഭാഗങ്ങളെ ഒരിക്കലും യാതൊരു കാരണവശാലും അംഗീകരിക്കാവുന്നതല്ല. കർത്താവിന്റെ നാമത്തിലായാലും വേദപുസ്തകത്തോടു കൂട്ടിച്ചേർക്കുകയോ എന്തെങ്കിലും അതിൽ നിന്നു എടുത്തു കളയുകയോ ചെയ്താൽ ദൈവം അതു സ്വീകരിക്കയില്ല. യേശു പറഞ്ഞതു: ഞാൻ എന്റെ സഭയെ പണിയും എന്നാണ് (മത്തായി 16:18). ആ സഭ കർത്താവിന്റെ ശരീരമാണ്. കർത്താവിനു ഒരു ശരീരം മാത്രമേയുള്ളു (എഫെസ്യർ 4:4). മനുഷ്യനിർമ്മിതമായ സഭയിൽ അംഗത്വം ഉണ്ടെന്ന് ന്യായീകരിച്ച് ദൈവത്തെ അംഗീകരിക്കാമെന്ന് കരുതരുത്. പിതാവു നട്ടിട്ടില്ലാത്ത തൈ വേരോടെ പിഴുതു കളയും (മത്തായി 15:13-14).

കർത്താവിന്റെ നാമത്തിൽ ചെയ്യുന്നു എന്നു പറയുന്നതെല്ലാം ശരിയായിക്കൊള്ളണമെന്നില്ല. മതപരമായ പരിശീലനം ആയാൽ പോലും അതു വാസ്തവമാണ്. ശിശുസ്നാനം തിരുവെഴുത്ത് ആധാരമായിട്ടുള്ളതല്ല എന്ന ഒറ്റക്കാരണത്താൽ നമുക്ക്

തള്ളിക്കളയാവുന്നതാണ്. ബൈബിളിൽ അധികാരപ്പെടുത്താത്തത് ദൈവം ഒരിക്കലും അംഗീകരിക്കുന്നതല്ല. പുതിയ നിയമത്തിൽ സ്നാനമേല്ക്കേണ്ടവർ വിശ്വസിച്ചവരാണ് (മർക്കൊസ് 16:16; പ്രവൃത്തി 8:12, 13, 18: 8). ഒരു കുട്ടിയുടെമേൽ വെള്ളം തളിക്കുകയോ കോരി ഒഴിക്കുകയോ ചെയ്തതു കൊണ്ട് കർത്താവിന്റെ നാമത്തിൽ ആയാലും അതു സ്വർഗ്ഗീയ കോടതിയിൽ നീതീകരിക്കപ്പെടുന്നില്ല. അധികാരമില്ലാത്ത യാതൊന്നും നാം ദൈവത്തിന്റെ പേരിൽ ചെയ്യരുത്.

### പദപ്രയോഗം ശരിയായി ഉപയോഗിക്കുക

ക്രിയാത്മക വശത്തിൽ നോക്കിയാൽ കർത്താവിന്റെ നാമത്തിൽ ധാരാളം കാര്യങ്ങൾ നടന്നിട്ടുണ്ട്. ജനങ്ങളിൽ രോഗികളായിരുന്നവർ അത്ഭുതകരമായി സൗഖ്യം പ്രാപിച്ചിരിക്കുന്നത് കർത്താവിന്റെ നാമത്തിൽ ആയിരുന്നു. പിറവിയിലേ മുടന്തനായിരുന്ന ഒരാൾ പത്രൊസും യോഹന്നാനും ദൈവാലയ ഗോപുരത്തിൽ വെച്ചു സൗഖ്യമായി (പ്രവൃത്തി 3:1-12; 4:9-10). ആ നാമത്തിനു പ്രത്യേക മാന്ത്രിക ശക്തിയോ മതപരമായ സിദ്ധാന്തമോ ഉണ്ടെന്നല്ല വ്യക്തമാക്കുന്നത്. പ്രത്യേകിച്ച് ശക്തിയും ദൈവാധികാരവും ആ നാമത്തിനുണ്ട് എന്നതാണ് സത്യം. ആ രോഗി സൗഖ്യമായത് അപ്പൊസ്തലന്മാരുടെ കഴിവോ ശക്തിയോ കൊണ്ടല്ല. യേശുക്രിസ്തുവാണ് സൗഖ്യമാക്കിയത്. ദൈവവചനമാണ് അവർ സംസാരിക്കുന്നത് എന്ന് ജനങ്ങളെ ബോധ്യപ്പെടുത്തുവാൻ ക്രിസ്തു അവർക്ക് അത്ഭുത ശക്തി പ്രദാനം ചെയ്തിരുന്നു (മർക്കൊസ് 16:17-20; പ്രവൃത്തി 16:18; ലൂക്കൊസ് 10:17). കർത്താവിന്റെ നാമത്തിൽ എന്ന പദപ്രയോഗം ഒരു സൂത്രവാക്യമല്ല, അധികാരത്തെ സൂചിപ്പിക്കുന്നതിനുള്ള പ്രസ്താവനയാണ്.

കർത്താവിന്റെ നാമത്തിൽ അഥവാ കർത്താവിന്റെ നാമം മുഖാന്തരമാണ് പാപമോചനം നല്കിയിരിക്കുന്നത് (പ്രവൃത്തി 10:43). മാനസ്സാന്തരവും പാപമോചനവും യെരുശലേമിൽ തുടങ്ങി സകല ജാതികളോടും പ്രസംഗിക്കേണ്ടതാകുന്നു (ലൂക്കൊസ് 24:47). മാനസാന്തരപ്പെട്ടു സ്നാനം ഏല്ക്കുന്നവർക്കാണ് പാപമോചനം ലഭിക്കുന്നത്. അതു കർത്താവിന്റെ നാമത്തിൽ അഥവാ അധികാരത്തിലാണ് ഒരുക്കിയിരിക്കുന്നത്.

ക്രിസ്തുവിന്റെ അധികാരമാണ് ഇന്ന് മതപരമായി നിലനില്ക്കുന്നത്. അതിനർത്ഥം നാം മതപരമായി ചെയ്യുന്നതെല്ലാം ആധികാരികമാകണമെങ്കിൽ ക്രിസ്തുവിന്റെ വചനപ്രകാരമായിരിക്കണം ചെയ്യേണ്ടത്. അല്ലെങ്കിൽ അത് ദൈവം സ്വീകരിക്കയില്ല. അതുകൊണ്ടാണ് വാക്കിനാലോ ക്രിയയാലോ എന്തു ചെയ്താലും അത് യേശുക്രിസ്തുവിന്റെ നാമത്തിൽ ചെയ്യുവാൻ പറഞ്ഞിരിക്കുന്നത് (കൊലൊസ്യർ 3:17). മറ്റൊരു മനുഷ്യർക്കും മതപരമായി ഒരധികാരവുമില്ല. അന്തിമ അധികാരം കർത്താവിനാണുള്ളത്. നമ്മെ രക്ഷിക്കുവാനും ശിക്ഷിക്കുവാനും കഴിയുന്ന ഏക വ്യക്തി കർത്താവായ യേശുക്രിസ്തു മാത്രമാണ് (പ്രവൃത്തികൾ 4:12). ഈ സത്യം എല്ലാവരും അറിഞ്ഞ് പ്രവർത്തിച്ചാൽ തീർച്ചയായും അനുഗ്രഹിക്കപ്പെടും. ദൈവവചനത്തിന്റെ പ്രസക്തിയും ക്രിസ്തുവിന്റെ ഉപദേശത്തിന്റെ അനിവാര്യതയേയും ഓർമ്മിപ്പിക്കുന്നതാണ് ഈ നാമം. അവനെ ദൈവം എല്ലാറ്റിനും മീതെ തലയാക്കി വെച്ചിരിക്കുന്നു.

✶

## ക്രിസ്ത്യാനി ആർ?

തങ്ങൾ ക്രിസ്ത്യാനികൾ ആണെന്നു ഈ ലോകത്തിൽ ധാരാളം ആളുകൾ അവകാശപ്പെടുന്നുണ്ട്. ക്രിസ്ത്യാനി എന്ന വാക്കിനു അസംഖ്യം നിർവ്വചനങ്ങളും പരന്നിട്ടുണ്ട്. ആ പേരിന്റെ അർത്ഥമെന്തെന്നും ആ വ്യക്തി ആർ എന്നും കണ്ടുപിടിക്കണമെങ്കിൽ കുറച്ചു സമയം എടുത്തു നോക്കേണ്ടതുണ്ട്. ആ പഠനത്തിൽ നിന്നു കിട്ടുന്ന ഉത്തരം ആശ്ചര്യജനകമായി തോന്നാം.

ഒരാൾ ആ അവകാശം ഉന്നയിച്ചതുകൊണ്ടു മാത്രം ക്രിസ്ത്യാനിയായിതീരുന്നില്ല. അയാൾ ദൈവത്തിൽ വിശ്വസിക്കുന്നവനാകാം, ദൈവപുത്രനായ ക്രിസ്തുവിൽ വിശ്വസിക്കുന്നുണ്ടാകാം. പക്ഷെ അതു അയാളെ ക്രിസ്ത്യാനിയാക്കി മാറ്റുന്നില്ല. അയാൾ സ്നാനപ്പെട്ടിരിക്കാം. ഏതെങ്കിലും സഭയിലേക്കു ചേർന്നിരിക്കാം. എന്നാൽ അതും അയാളെ ക്രിസ്ത്യാനിയായി മാറ്റുന്നില്ല. മതഭക്തിയുള്ള ആളാകാം, ഔദാര്യമായി കൊടുക്കുന്നവനാകാം, സൽപ്രവൃത്തികൾ ചെയ്യുന്നവനാകാം, ഉപദേഷ്ടാവു പോലും ആയിരിക്കാം. എന്നാൽ

ഇവയൊന്നും അവനെ ക്രിസ്ത്യാനിയാക്കുന്നു എന്നു അർത്ഥമാക്കുന്നില്ല; അവൻ കർത്താവിനുള്ളവൻ എന്നും വരുന്നില്ല. അയാൾ പലപ്പോഴും പ്രാർത്ഥിക്കുന്നുണ്ടാകാം; ജഡത്തിന്റെ പ്രവൃത്തികളിൽ നിന്നു വിട്ടകന്നു നല്ല സംസാരം, നല്ല ചിന്ത, നല്ല പേർ എന്നിവയെല്ലാം ഉള്ള ആളാകാം. എന്നാൽ ഇതൊന്നും അവനെ യഥാർത്ഥത്തിൽ ദൈവപൈതലാക്കി തീർക്കണമെന്നില്ല.

വാസ്തവം എന്തെന്നു തിരിച്ചറിയൽ ഇവിടെ ആവശ്യം. അന്ധമായി എന്തെങ്കിലും ശരി എന്നു വിചാരിച്ചാൻ അങ്ങനെ ആകണമെന്നില്ല. മതപരമായ കാര്യങ്ങളിൽ മിക്കവാറും പേർ മദ്ധ്യഘട്ടത്തിൽ നിൽക്കുവാൻ ആഗ്രഹിക്കുന്നു. ന്യായീകരിക്കുവാൻ മനുഷ്യർക്ക് ഉള്ള വാസന പുരാതനകാലം മുതൽ കണ്ടു വരുന്നതാണ്. അതുകൊണ്ട് തെറ്റ് ഒരിക്കലും ശരിയായി മാറുകയില്ല. ദൈവത്തോടു പ്രതിവാദം നടത്തുവാൻ ശ്രമിക്കുന്നതു വിഡ്ഢിത്തം ആയിരിക്കും എന്നതിനു സംശയം ആർക്കും കാണുകയില്ലല്ലൊ.

മുകളിൽ പ്രസ്താവിച്ച വിവരണം കേട്ടിട്ടു ഇപ്പോൾ നിങ്ങൾക്കു വിസ്മയം തോന്നിക്കാണും. നിങ്ങൾ അറിയുന്നവരേയും, ഒരു പക്ഷെ നിങ്ങളെത്തന്നെയും ശിക്ഷക്കു വിധിക്കയോ കുറ്റം വിധിക്കയോ ആണ് ഞാൻ ചെയ്യുന്നതെന്നു പോലും നിങ്ങൾ തീർച്ചപ്പെടുത്തി കാണാം. മുകളിൽ പറഞ്ഞ നന്മവശങ്ങൾ എല്ലാം ഉള്ള ഒരു വ്യക്തിയെ ലോകം കാണുന്നതു മാന്യനായ ഒരു ക്രിസ്ത്യനിയായിട്ടായിരിക്കും പക്ഷെ നിങ്ങളുടെ വീക്ഷണം ഉയർന്ന സ്ഥാനത്തു നിന്നുണ്ടായതു നിമിത്തമാണ് അങ്ങനെ സംഭവിക്കുന്നതു. അധികം പേരും ഈ വിധത്തിലുള്ള കാഴ്ച്ചപ്പാട് ഉള്ളവരാണ്. മുകളിൽ പറഞ്ഞ കാര്യങ്ങളെല്ലാം ഒരാൾ ചെയ്യുന്നു എന്നു വിചാരിക്കുക. പക്ഷെ അതെല്ലാം തെറ്റായ ഉപദേശങ്ങളുടെയും അനുമാനങ്ങളുടെയും അടിസ്ഥാനത്തിൽ ആണെങ്കിൽ അയാൾ വഞ്ചിക്കപ്പെട്ടിരിക്കയാണ് എന്നു തീർത്തു പറയാം. അവൻ ചെയ്യുന്ന പ്രവർത്തികൾക്കൊന്നും അവനെ ഒരു ക്രിസ്ത്യാനിയാക്കാൻ ഉതകുന്നതല്ല.

നാം വഞ്ചിക്കപ്പെടരുതു എന്നു തിരുവെഴുത്തു നമ്മെ മുന്നറിയിച്ചിരിക്കയാണ്. അപ്പൊോസ്തലനായ പൗലൊസിന്റെ വിവരണം ദയവായി വായിക്കുക. "ഇങ്ങനെയുള്ളവർ കള്ളയപ്പൊസ്തലന്മാർ, കപടവേലക്കാർ, ക്രിസ്തുവിന്റെ അപ്പൊസ്തലന്മാരുടെ വേഷം ധരി

ക്കുന്നവർ അത്രെ, അതു ആശ്ചര്യവുമല്ല; സാത്താൻ താനും വെളിച്ച ദൂതന്റെ വേഷം ധരിക്കുന്നുവല്ലോ. ആകയാൽ അവന്റെ ശുശ്രൂഷക്കാർ നീതിയുടെ ശുശ്രൂഷക്കാരുടെ വേഷം ധരിച്ചാൽ അതിശയമില്ല; അവരുടെ അവസാനം അവരുടെ പ്രവർത്തികൾക്കു ഒത്തതായിരിക്കും (2 കൊരിന്ത്യർ 11:13–15). സത്യാവസ്ഥയെ മറച്ചുപിടിച്ചു അസത്യത്തെ പ്രചരിപ്പിക്കുന്ന വ്യവസ്ഥ പിശാചിന്റേതാണ്, സ്വാഭാവിക കണ്ണുകൾക്കു കാണാൻ പറ്റാത്ത വിധം സാത്താൻ അവരുടെ കാഴ്ച്ചപ്പാട് കുരുടാക്കി മാറ്റിയിരിക്കുന്നു.

ആകയാൽ നാം വീണ്ടും ആ ചോദ്യത്തിലേക്കു തന്നെ വന്നു നിൽക്കുകയാണ്. ആരാണ് ക്രിസ്ത്യാനി? ഇതു പോലുള്ള ഏതു ചോദ്യങ്ങൾക്കും ഉത്തരം ലഭിക്കുവാൻ നാം തിരുവെഴുത്തിലേക്കു നോക്കണം. ദൈവമാണ് അന്തിമതീർപ്പ് കൽപ്പിക്കുന്നതു. അതുകൊണ്ട് ദൈവത്തിന്റെ അരുളപ്പാടുകൾ മാത്രമാണ് നമുക്കു കരണേയമായിട്ടുള്ളതു എന്നു പറയാൻ കാരണം. മറ്റെവിടെ നോക്കിയാലും അതു സമയ നഷ്ടവും കിട്ടുന്ന ഉത്തരം തെറ്റും ആയിരിക്കും. ദൈവവചനപ്രകാരം, ദൈവേഷ്ടം അറിയുന്ന ആൾ, ദൈവത്തിലും അവന്റെ പുത്രനായ ക്രിസ്തുവിലും വിശ്വസിക്കുന്ന ആളായിരിക്കും (റോമർ 10:17; എബ്രായർ 11:6; യോഹന്നാൻ 14:1, 2); അയാൾ പാപത്തിൽ നിന്നു ദൈവത്തിലേക്കു തിരിഞ്ഞു ക്രിസ്തു ദൈവപുത്രനാണെന്നു ഏറ്റു പറയുന്നവനായിരിക്കണം (പ്രവൃത്തി 17:30; ലൂക്കൊസ് 13:3; മത്തായി 10:32, 33). പാപമോചനത്തിനായിട്ടുള്ള കർത്താവിന്റെ കൽപന അനുസരിക്കയും വേണം (പ്രവൃത്തി 2:38).

സ്നാനം വെള്ളത്തിലുള്ള അടക്കമൊണ് (കൊലൊസ്യർ 2:11–12). കർത്താവിന്റെ പേരിനാൽ അറിയപ്പെടുന്ന രക്ഷിക്കപ്പെട്ട ക്രിസ്തുവിന്റെ സഭയിലേക്കു ചേർക്കപ്പെട്ട ഒരാളായിരിക്കും അദ്ദേഹം (മത്തായി 16:18; പ്രവൃത്തികൾ 4:12; റോമർ 16:6). ഓരോ ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിലും ദൈവത്തെ സത്യത്തിലും ആത്മാവിലും ആരാധിക്കുന്നവരായിരിക്കണം ഒരു ക്രിസ്ത്യാനി (യോഹന്നാൻ 4:24; പ്രവൃത്തി 20:7). അവൻ ലോകപ്രകാരമുള്ള വസ്തുക്കളിൽ നിന്നു വിട്ടകന്നു ദൈവഭക്തിയിലും വിശുദ്ധിയിലും ജീവിച്ച് മറ്റുള്ളവർക്കു ഗുണം ചെയ്തു കർത്താവിനു വിശ്വസ്തമായി ജീവിക്കുന്നു (1 യോഹന്നാൻ 2:15–17; തിത്തൊസ് 2:11–12; വെളിപ്പാട് 2:10). ഇതെല്ലാം പറയുമ്പോൾ തീർച്ചയായും പുറമെയുള്ള വഴികളാണ് നമുക്കു

അടയാളമായിരിക്കുന്നതു, എന്നാൽ കർത്താവിനു ഈ വഴികൾ നന്നായി അറിയാം. അവനാണ് അന്തിമമായി തീർപ്പു കൽപ്പിക്കുന്ന വൻ. എന്നാൽ ഒരാൾ ഈ രീതിയിൽ കർത്താവിനെ അനുസരിച്ച് സമർപ്പണജീവിതം നയിക്കുമ്പോൾ അയാൾ വാസ്തവത്തിലുള്ള ക്രിസ്ത്യാനിയാണ്. ക്രിസ്തുവിനെ അനുഗമിക്കുന്നവനാണ് എന്നു ആ പ്രവൃത്തികളിലൂടെ തെളിയിക്കുകയാണ് ചെയ്യുന്നതു. ഒരുത്തൻ ക്രിസ്തുവിനെ പിൻപറ്റകയാണെങ്കിൽ, അവൻ തന്റെ ക്രൂശ് എടുത്ത് അവനെ അനുഗമിക്കണമെന്നതാണ് കർത്താവിന്റെ നിർദ്ദേശം.

നിങ്ങളോ? മുകളിൽ പറഞ്ഞ കാര്യങ്ങൾ നിങ്ങൾ എങ്ങനെ സ്വീക രിക്കുന്നു? നിങ്ങൾ കർത്താവിനെ അനുസരിച്ചിട്ടുണ്ടോ? നിങ്ങൾ ക്രിസ്തുവിന്റെ സഭയിലെ അംഗമാണോ? നിങ്ങൾ ദിവസവും അവ നായിട്ടാണോ ജീവിക്കുന്നതു? പലർക്കും കർത്താവിനെ അനുസ രിക്കുക എന്നു പറഞ്ഞാൽ എന്താണ് എന്നു വ്യക്തമല്ല. ക്രിസ്തു വിനെ അനുസരിക്കുക എന്നു പറയുമ്പോൾ അവന്റെ ഉപദേശങ്ങളെ അതേപോലെ അനുസരിക്കുക എന്നതാണ്. ക്രിസ്തുവിന്റെ സഭ യിലെ അംഗമാകണമെങ്കിൽ വചന പ്രകാരം ഒരാൾ രക്ഷിക്കപ്പെ ടണം. എങ്കിലേ കർത്താവ് അവനെ തന്റെ സഭയിലേക്കു ചേർക്കു കയുള്ളൂ. നിങ്ങൾ ഇതു ചെയ്തിട്ടില്ലെങ്കിൽ ഇന്നു തന്നെ അതി നായി ഒരുങ്ങുക. അമാന്തിക്കരുത്. നിങ്ങളുടെ ഹൃദയത്തിൽ വിശ്വ സിച്ച്, അനുസരിച്ചു യഥാർത്ഥ ക്രിസ്ത്യാനിയായി ജീവിക്കുക. അതു വളരെ പ്രയാസമാണ് എന്നു കരുതരുത്. ദൈവം ഉദ്ദേശിക്കുന്ന വഴി അതു മാത്രമാണ്. കർത്താവ് വാഗ്ദാനം ചെയ്തതു നാം മറ ക്കരുത്. നാം നമ്മുടെ ജീവിതത്തിൽ കർത്താവിനെ വായ് കൊണ്ടു ഏറ്റു പറഞ്ഞാലേ കർത്താവ് അന്ത്യനാളിൽ പിതാവിന്റെ മുമ്പിൽ നമ്മെയും ഏറ്റുപറയുകയുള്ളൂ (മത്തായി 10:32, 33). ക്രിസ്ത്യാനി യാകുമ്പോൾ കിട്ടുന്ന പ്രത്യാശയേക്കാൾ വലിയ നേട്ടം മറ്റൊന്നിലും നിങ്ങൾക്കു കൈവരിക്കാൻ സാധ്യമല്ല.

ഒരുത്തൻ ക്രിസ്തുവിൽ ആയാൽ അവൻ പുതിയ സൃഷ്ടിയായി തീർന്നു. ക്രിസ്തുയേശുവിലായി തീർന്നവർക്ക് ഇനി ഒരു ശിക്ഷാ വിധിയുമില്ല എന്നത് വളരെ സന്തോഷം ജനിപ്പിക്കുന്നതാണ്.

സ്ത്രീകൾക്കു വേണ്ടി

# വീട്ടിലെ അവളുടെ ശക്തി

**ബെറ്റി ബി.സി**

അബ്രഹാം ദൈവത്തെ വിശ്വാസത്തോടെ പിൻപറ്റിയിരുന്ന ഒരാളായതുകൊണ്ട് ദൈവം അവനോടു അരുളുചെയ്തതു "ഞാൻ നിന്നെ വലിയൊരു ജാതിയാക്കും. നിന്നെ അനുഗ്രഹിച്ചു നിന്റെ പേർ വലുതാക്കും; നീ ഒരു അനുഗ്രഹമായിരിക്കും; നിന്നെ അനുഗ്രഹിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും. നിന്നെ ശപിക്കുന്നവരെ ഞാൻ ശപിക്കും. നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും" (ഉല്പത്തി 12:2-3). തന്റെ ഭാര്യയെയും മക്കളേയും യഹോവയുടെ ഉപദേശപ്രകാരം നീതിയിൽ സഞ്ചരിപ്പാൻ അവരെ പ്രബോധിപ്പിക്കയും ചെയ്തു. യഹോവയുടെ ചട്ടങ്ങളും പ്രമാണങ്ങളും തന്റെ ഭവനത്തിനു മാർഗ്ഗദർശനമായിത്തീർന്നു.

അബ്രഹാമിന്റെ മകൻ യിസഹാക്ക് ദൈവത്തിൽ വിശ്വസ്തനായി ജീവിച്ചുവന്നു. അവനു രണ്ടു പുത്രന്മാരുണ്ടായിരുന്നു; യക്കോബും, ഏശാവും, ഏശാവ് വളർന്നപ്പോൾ അവൻ അന്യദേശക്കാരത്തികളായ സ്ത്രീകളെ വിവാഹം ചെയ്തു. എതുകൊണ്ട് അവന്റെ സന്തതികൾ ആ സ്വാധീനത്താൽ അന്യദേവന്മാരിലേക്കു തിരിയുകയുണ്ടായി. ഏശാവിന്റെ വിഗ്രഹാരാധികളായിരുന്ന ഭാര്യമാരെ കുറിച്ചു ഉൽപത്തി 26-ാം അദ്ധ്യായം 34-ാം വാക്യത്തിൽ പറയുന്നുണ്ട്. അക്കാരണത്താൽ യിസഹാക്കിനും റിബേക്കെക്കും മനോവ്യസനമുണ്ടായതായും വ്യക്തമാക്കിയിരിക്കുന്നു. "പിന്നെ റിബേക്കാ യിസഹാക്കിനോടു: ഈ ഹിത്യ സ്ത്രീകൾ നിമിത്തം എന്റെ ജീവൻ എനിക്കു അസഹ്യമായിരിക്കുന്നു; ഈ ദേശക്കാരത്തികളായ ഇവരെപ്പോലെയുള്ള ഒരു ഹിത്യസ്ത്രീയെ യാക്കൊബ് വിവാഹം കഴിച്ചാൽ ഞാൻ എന്തിനു ജീവിക്കുന്നു" എന്നു പറഞ്ഞു (ഉല്പത്തി 27:46).

ദൈവത്തിലുള്ള വിശ്വാസത്തിൻമേലാണ് ഭവനം തീർക്കേണ്ടതെന്ന വിവാഹത്തിന്റെ യഥാർത്ഥ ആവശ്യത്തെയും റിബേക്കാ

തിരിച്ചറിഞ്ഞിരുന്നു. അതു ഭാര്യയുടെയും ഭർത്താവിന്റെയും ഹൃദയത്തിൽ നിന്നും ഉത്ഭവിക്കയും വേണം. ചരിത്രം മുഴുവനും പരിശോധിച്ചാൽ ഇതെത്ര മാത്രം പ്രാധാന്യമർഹിക്കുന്ന വസ്തുതയാണെന്നു മനസ്സിലാക്കാം. വിശ്വാസത്തിൽ തുല്യനിലവാരം പുലർത്തുന്നവനു മാത്രമെ വിവാഹം കഴിക്കാവൂ എന്നു പഠിപ്പിക്കുന്ന രക്ഷകർത്താക്കൾ എത്ര ബുദ്ധിയുള്ളവരാണെന്നു ഓർമ്മിക്കുക. അതുകൊണ്ട് ഉണ്ടാകുന്ന അനുഗ്രഹം എത്ര മാന്യമായതാണ് എന്ന് അനുഭവം തെളിയിക്കും.

റിബേക്കയുടെ നിർബ്ബന്ധപ്രകാരമാണ് യാക്കൊബ്, തന്റെ അമ്മയുടെ സഹോദരനായ ലാബാന്റെ ഹാരാനിലെ വീട്ടിലേക്കു പോയതു. അവിടെ അവർ തന്റെ ചാർച്ചയിൽപെട്ട സഹോദരിയായ റാഹേലിനെ കണ്ടുമുട്ടി. അവളോ ഏക സത്യദൈവത്തെ വണങ്ങി വന്നവളായിരുന്നു. ഉടനെ അവൻ അവളെ അഗാധമായി സ്നേഹിച്ചു. അതുകൊണ്ട് അവളെ ഭാര്യയായി കിട്ടുവാൻ വർഷങ്ങളോളം അവൻ അവിടെ സേവനം നടത്തി. അങ്ങനെ യാക്കൊബ് റാഹേലിനുവേണ്ടി ഏഴു സംവത്സരം സേവനം ചെയ്തു; അവൻ അവളെ സ്നേഹിക്ക കൊണ്ട് അതു അവനു അൽപകാലം പോലെ തോന്നി (ഉൽപത്തി 29:20). അതിന്റെ അവസാനം ലാബാൻ ഒരു ഉപായം പ്രയോഗിച്ചു. അവന്റെ ഇളയ മകൾ റാഹേലിനുപകരം മൂത്ത മകളെ വിവാഹം കഴിച്ചു കൊടുത്തു.

സൃഷ്ടിയുടെ ആരംഭത്തിൽ വിവാഹത്തിനുള്ള ദൈവപദ്ധതി ഒരു പുരുഷനു ഒരു ഭാര്യ എന്നതായിരുന്നു. ആദാമിനെയും ഹവ്വയെയും സംബന്ധിച്ചു ദൈവം പറഞ്ഞിരുന്നതു: അതുകൊണ്ടു പുരുഷൻ അപ്പനെയും അമ്മയെയും വിട്ടു പിരിഞ്ഞു ഭാര്യയോടു പറ്റിച്ചേരും; അവർ ഏക ദേഹമായിത്തീരും (ഉൽപത്തി 2:2) എന്നാണ്.

ദൈവേഷ്ടത്തിനു വിപരീതമായി ആ കാലത്തു ഒന്നിലധികം ഭാര്യമാരെ എടുക്കുക എന്ന സമ്പ്രദായം പൊതുവായി സ്വീകരിക്കപ്പെട്ടു. ദൈവം അതിനു സമ്മതം നൽകിയില്ലെങ്കിലും ദൈവം അതു സഹിച്ചു വന്നു. യാക്കൊബിന്റെ കാര്യത്തിലാണെങ്കിലും അവൻ റാഹേലിനെ സ്നേഹിച്ചു. അതുകൊണ്ട് അവൻ അവളെ തിരഞ്ഞെടുത്തു. അവൻ അവളെ മാത്രമെ വിവാഹം കഴിക്കുമായിരുന്നുള്ളു.

ഏഴു വർഷത്തോളം അവൻ അവളോടുള്ള ഉടമ്പടിയിൽ തന്നെ നിലനിന്നു. തന്റെ മണവാട്ടി റാഹേൽ ആയിരിക്കും എന്ന ഉത്തമമായ വിശ്വാസത്തോടു കൂടെയാണ് അവൻ അത്രയും കാലം കാത്തിരുന്നതു. ആ ഒരു ലക്ഷ്യത്തോടെയാണ് അവൻ വിവാഹത്തിലേക്കു പ്രവേശിക്കുന്നതും. എന്നാൽ സംഭവിക്കുന്നതു അവന്റെ മനസ്സിൽ പോലും ചിന്തിക്കാത്ത കാര്യമാണ്. നേരം വെളുത്തപ്പോൾ അതു ലേയാ എന്നു കണ്ടു അവൻ ലാബാനോടു നീ എന്നോടു ചെയ്തതു എന്തു? റാഹേലിനു വേണ്ടിയല്ലയോ ഞാൻ നിന്നെ സേവിച്ചതു? നീ എന്തിനു എന്നെ ചതിച്ചു എന്നു പറഞ്ഞു (ഉൽപത്തി 289:25).

ലാബാന്റെ വിവരണമെന്തെന്നാൽ അവരുടെ സമ്പ്രദായമനുസരിച്ച് മൂത്ത മകൾ നില്ക്കുമ്പോൾ ഇളയ മകളെ വിവാഹം ചെയ്തു കൊടുക്കുന്നതു യോഗ്യമല്ല എന്നതായിരുന്നു. വീണ്ടും ഒരേഴുവർഷം കൂടെ അവൻ ലാബാനെ സേവിച്ചാൽ റാഹേലിനെ അവനു ഭാര്യയായി കൊടുക്കാമെന്നു അവൻ നിർദ്ദേശിച്ചു. യാക്കൊബ്, റാഹേലിനെ അത്രക്കു സ്നേഹിച്ചതുകൊണ്ട് യാക്കൊബ് ആ നിർദ്ദേശം അംഗീകരിച്ചു.

ബഹുഭാര്യത്വം പരിശീലിച്ചതുകൊണ്ടുണ്ടായ അനന്തരഫലങ്ങൾ സംഭവിച്ചതു എന്തായിരുന്നു? അവർ സന്തോഷമുള്ള വലിയ കുടുംബമായി ജീവിച്ചോ? ഇല്ല. യാക്കൊബ് ലേയയെക്കാൾ റാഹേലിനെ സ്നേഹിച്ചു എന്നതാണ് ബൈബിൾ വ്യക്തമാക്കുന്നത് (ഉൽപത്തി 29:30). അവൻ തിരഞ്ഞെടുത്തതു റാഹേൽ ആയിരുന്നതുകൊണ്ട് സ്വാഭാവികയായും അങ്ങനെയേ സംഭവിക്കയുള്ളു. എന്നാൽ ഇതു അസൂയക്കു കാരണമായിത്തീർന്നു. അധികം സ്നേഹിക്കപ്പെടാതിരുന്ന ലേയ ഒരു മകനെ പ്രസവിച്ചു. അവൾ അവനു രൂബേൻ എന്നു പേരിട്ടുകൊണ്ടു പറയുന്നു: "യഹോവ എന്റെ സങ്കടം കണ്ടു; ഇപ്പോൾ എന്റെ ഭർത്താവ് എന്നെ സ്നേഹിക്കും" (ഉൽപത്തി 29:32). സ്നേഹിക്കപ്പെടാത്ത ഒരു ഭാര്യയുടെ ധർമ്മസങ്കടം അവളുടെ പ്രസ്താവനയിലുണ്ട്. രണ്ടാമതും ഗർഭം ധരിച്ചു ഒരു മകനെ പ്രസവിച്ചു "ഞാൻ അനിഷ്ഠ എന്നു യഹോവ കേട്ടതുകൊണ്ടു ഇവനെയും എനിക്കു തന്നു എന്നു പറഞ്ഞ് അവനു ശിമെയോൻ എന്നു പേരിട്ടു.

താൻ യാക്കൊബിനു മക്കളെ പ്രസവിക്കുന്നില്ല എന്നു റാഹേൽ കണ്ടു തന്റെ സഹോദരിയോടു അസൂയപ്പെട്ടു യാക്കോബിനോടു: എനിക്കു മക്കളെ തരേണം; അല്ലെങ്കിൽ ഞാൻ മരിച്ചുപോകും എന്നു റാഹേൽ പറഞ്ഞു (ഉൽപത്തി 30:1). അതുപോലെയുള്ള വേദനയും വൈകാരിക യാതനയുമാണ് ഈ സഹോദരിമാരുടെ വാക്കുകളിൽ നാം കാണുന്നതു.

വർഷങ്ങൾ കടന്നുപോയപ്പോൾ ഈ സ്ത്രീകൾ രണ്ടും അവരുടെ ദാസിമാരെ യാക്കൊബിനു നൽകി അവർക്കുണ്ടാകുന്ന മക്കൾ തങ്ങളുടേതായിരിക്കും എന്ന അവകാശപ്പെടുകയും ചെയ്തു. ഇതും ആ കാലയളവിൽ ഒരു പരിശീലനമായി മാറി. അവസാനം റാഹേൽ യോസേഫിനു ജന്മം നൽകയും അവൻ യാക്കോബിനു പ്രിയ മകനായി മാറുകയും ചെയ്തു. കുറെ വർഷങ്ങൾ കഴിഞ്ഞപ്പോൾ ബെന്യാമീനു ജന്മം നൽകിയശേഷം റാഹേൽ മരിച്ചുപോയി.

ബഹുഭാര്യാത്വം ഇടകലർന്നപ്പോൾ യാക്കൊബ്, ലേയ, റാഹേൽ അവരുടെ മക്കൾ എന്നിവരിൽ അസൂയ, പ്രിയം, മൽസരം എന്നിവ മാറി മാറി അനുഭവപ്പെട്ടു. അതു സന്തോഷമാണോ ദുഃഖമാണോ അവരുടെ ജീവിതത്തിൽ കൊണ്ടുവന്നതു? ഈ ഭാര്യമാർക്കു അവരുടെ ഭർത്താക്കന്മാരിലും മക്കളിലും എന്തു സ്വാധീനമാണ് ചെലുത്താൻ കഴിഞ്ഞത്? മാനസികമായി അവർക്കു സ്വസ്ഥത കിട്ടിക്കാണുകയില്ല. അവർ സ്വീകരിച്ച ജീവിത മാർഗ്ഗത്തിലെ അപാകതയുടെ ഫലം അവരെ അനുഗമിച്ചുകൊണ്ടിരുന്നു.

മറ്റു കാലങ്ങളിലും ഇതുപോലെയുള്ള സംഭവം ഉണ്ടായിട്ടുണ്ട്. പിന്നീടുള്ള ഭാഗങ്ങൾ വായിക്കുമ്പോൾ അവർ വൈകാരികമായി എത്രത്തോളം വിഷമം നേരിട്ടു എന്നും അവരുടെ കണ്ണുനീർ തോരാതിരുന്നു എന്നും കാണപ്പെടുന്നു. ദൈവവഴിയാണ് ഏറ്റവും നല്ല വഴിയെന്നു അനുഭവത്തിലൂടെ അവർ മനസ്സിലാക്കി.

ഇന്നും ഈ ദൃഷ്ടാന്തങ്ങൾ നമ്മെ പഠിപ്പിക്കുന്നതു മറ്റൊന്നുമല്ല. നമ്മുടെ ഈ ലോകജീവിതം ശോഭനമാകണമെങ്കിൽ ദൈവകൽപനപ്രകാരമുള്ള ജീവിതമായിരിക്കണം നയിക്കേണ്ടത്. ഭാര്യാഭർത്താക്കൻമാരും മക്കളും ഒരു പോലെ സന്തോഷം ഉണ്ടാക്കുന്നവരുമായിരിക്കും.

*Watch!*

# SATHYANADAM

## TV PROGRAME

**TRUE GOSPEL MESSAGE**

**Speaker:**

**Bro.P.K. VARGHESE**

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

കേൾക്കുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!